# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചളവറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ (പി.കെ.ഡി) പി - 16-1842/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 20/12/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചളവറ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചളവറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചളവറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ (പി.കെ.ഡി) പി - 16-1842/23 തീയ്യതി: 20/12/2023

## പാലക്കാട് ജില്ലയിലെ ചളവറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ചളവറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-01-2023 മുതൽ 21-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാം മനോഹർ.വി.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 22-11-2023 | 30-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-11-2023 | 30-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

സുജാത.പി - ഓഡിറ്റ് ഓഫീസർ

രാമകൃഷ്ണൻ.കെ.പി - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശബ്ണാദാസ്.എസ് - സീനിയർ ഗ്രേഡ് ഓഡിറ്റർ

സന്ദീപ്.കെ.വി - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഇ.ചന്ദ്രബാബു | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി ഷീജ എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 03-04-2022 |

| | | | |
|---|---|---|---|
| ശ്രീ ടി.വി.ജയൻ | സെക്രട്ടറി | 04-04-2022 | 05-01-2023 |
| ശ്രീമതി ഷീജ എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-01-2023 | 15-01-2023 |
| ശ്രീ.ബിനുകുമാർ.വി. | സെക്രട്ടറി | 16-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷീജ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി സ്വാതി പി.എസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ശാലിനി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 24-05-2022 |
| ശ്രീമതി മാലിനി കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 25-05-2022 | 23-06-2022 |
| ശ്രീമതി ശാലിനി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 24-06-2022 | 02-09-2022 |
| ശ്രീമതി മാലിനി കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 03-09-2022 | 13-09-2022 |
| ശ്രീ അരുൺ ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 14-09-2022 | 31-03-2023 |
| ഡോ.മുഹമ്മദ് ഹനീഫ് ഹുസൈൻ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ.രാജൻ.പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.ഷബാന | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ. ഷിബു എ.വി | വെറ്ററിനറി സർജ്ജൻ | 01-04-2022 | 16-08-2022 |
| ഡോ ശ്രീലക്ഷ്മി | വെറ്ററിനറി സർജ്ജൻ | 17-08-2022 | 31-08-2022 |
| ഡോ സിബി ആന്റണി | വെറ്ററിനറി സർജ്ജൻ | 01-09-2022 | 31-03-2023 |
| ശ്രീ വിജയൻ കെ.ജെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 20-07-2022 |
| ശ്രീമതി നിമ്മി.കെ ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 21-07-2022 | 22-07-2022 |
| ശ്രീമതി സിൻസി കെ പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 23-07-2022 | 02-08-2022 |
| ശ്രീമതി നിമ്മി.കെ ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 03-08-2022 | 31-03-2023 |
| ശ്രീമതി ജസ്ന എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ അജിത്ത് കെ സി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കേഷൻ | 1-1 |
| 2 | അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - അപാകത | 1-1-2 |
| 4 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് | 1-1-3 |
| 5 | ആസ്തി വിവരങ്ങൾ കാലികമാക്കി ILGMS മായി ബന്ധിപ്പിച്ചിട്ടില്ല. | 1-1-4 |
| 6 | MGNREGS, Health Grant എന്നിവയിലെ തുകകൾ വാർഷിക കണക്കിലെ ബാലൻസുമായി പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | CFC Untied & Tied ലെ പൊരുത്തക്കേടുകൾ | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് പരിശോധന | 1-8 |
| 15 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | തൊഴിൽ നികുതി അപാകത | 1-11 |
| 18 | 2023 ലെ വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തൽ | 1-12 |
| 19 | എം.എസ്.എം.ഇ കളുടെ കൃത്യത ഉറപ്പാക്കേണ്ടതാണ് | 1-13 |
| 20 | ചെലവഴിക്കാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ് | 1-14 |
| 21 | തനത് ഫണ്ട് വകയിരുത്തി അംഗീകാരം നേടിയ പ്രൊജക്ടിൽ മാറ്റം വരുത്തി നടപ്പിലാക്കി | 1-15 |
| 22 | പഞ്ചായത്ത് ഓഫീസ് കോംപ്ലക്സ് വിപുലീകരണം-എഗ്രിമെന്റ് ചമച്ചത് മതിയായ നിരക്കിലുള്ള സ്റ്റാമ്പ് പേപ്പറിലല്ല. | 1-16 |
| 23 | കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന് ബാധ്യതയാകുന്നു | 1-17 |
| 24 | വാഹനത്തിന്റെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ് | 1-18 |
| 25 | യാത്രാബത്ത നൽകിയത്-അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-19 |
| 26 | മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല | 1-20 |
| 27 | എസ്.എസ്.എ വിഹിതം നൽകൽ - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-21 |
| 28 | സംയുക്ത പ്രോജക്ടുകൾക്ക് തുക നൽകിയത് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-22 |
| 29 | മരാമത്ത് പ്രവൃത്തികൾ– പ്രവർത്തി പൂർത്തീകരണം -സമയം ദീർഘിപ്പിച്ചതിന് ഫൈൻ ഈടാക്കിയിട്ടില്ല | 1-23 |
| 30 | സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കി | 1-24 |
| 31 | സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികളുടെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 1-25 |
| 32 | ആയുർവേദ ആശുപത്രിക്ക് മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല. | 1-26 |
| 33 | ഹോമിയോ ആശുപത്രിക്ക് മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല. | 1-27 |
| 34 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി TR 7Aക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല | 1-28 |
| 35 | ലൈഫ് ഭവന നിർമ്മാണം- പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ് | 1-29 |
| 36 | ലൈഫ് ഭവന നിർമ്മാണം- ഗുണഭോക്താവ് തിരിച്ചടച്ച തുക സർക്കാരിലേക്ക് | 1-30 |

| | | |
|---|---|---|
| | അടവാക്കേണ്ടതാണ് | |
| 37 | പി.വി.സി വാട്ടർ ടാങ്ക് വിതരണം- ഉണഭോക്തൃവിഹിതം ചെലവഴിച്ചിട്ടില്ല. | 1-31 |
| 38 | എസ്.സി. മിശ്രവിവാഹിതർക്ക് വിവാഹ ധന സഹായം- മാർഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. | 1-32 |
| 39 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മേശയും കസേരയും നൽകൽ - പ്രൊക്യൂർമെന്റ് മാർഗരേഖ പാലിച്ചില്ല | 1-33 |
| 40 | എ ബി സി പദ്ധതി- വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-34 |
| 41 | ഹരിതകർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തൽ | 1-35 |
| 42 | ടേക്ക് എ ബ്രേക്ക്- ശുചിത്വ കോംപ്ലക്സുകൾ പൂർത്തീകരിച്ചിട്ടില്ല. | 1-36-1 |
| 43 | ടേക്ക് എ ബ്രേക്ക് കേന്ദ്രം -പ്രവൃത്തി പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കേണ്ടതാണ് | 1-36-2 |
| 44 | പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവഹണം | 1-37 |
| 45 | ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-38 |
| 46 | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല | 1-39 |
| 47 | എസ്.സി.പി. പ്രൊജക്ടുകൾ - സാമൂഹ്യ ഭൂപടവും ഫീസിബിലിറ്റി സർട്ടിഫിക്കറ്റും ഇല്ലാതെ നടപ്പിലാക്കി | 1-40 |
| 48 | റോഡ് ടാറിംഗ് പ്രവൃത്തിയുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല | 1-41 |
| 49 | രണ്ടര ലക്ഷം രൂപയിൽ താഴെ കരാർ തുകയുള്ള ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് ഈടാക്കി | 1-42 |
| 50 | മരാമത്ത് പ്രവൃത്തികൾ - പിഴ ഈടാക്കിയതിലെ അപാകതകൾ | 1-43 |
| 51 | മരാമത്ത് പ്രവൃത്തി -റീടെൻഷൻ തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്തു | 1-44 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | റോഡ് ടാറിംഗ് പ്രവൃത്തിയുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകൾ– സംക്ഷിപ്തം | |

## ഭാഗം –1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കേഷൻ

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 1(1)/29.07.2023 ഭരണസമിതി തീരുമാനപ്രകാരം അംഗീകരിച്ച് 03-08-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോറങ്ങൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **ചളവറ ഗ്രാമപഞ്ചായത്തിന്റെ** മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായി വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **ചളവറ ഗ്രാമപഞ്ചായത്തിന്റെ** 2022-23 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : പാലക്കാട്

തിയതി : 20.12.2023

**ഡെപ്യൂട്ടി ഡയറക്ടർ**

### 1-1-1 അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ.

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ.

## 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് – അപാകത

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് **5238393** രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് **2768169** രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-3 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

Advance, Deposite രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല.

## 1-1-4 ആസ്തി വിവരങ്ങൾ കാലികമാക്കി ILGMS മായി ബന്ധിപ്പിച്ചിട്ടില്ല.

B-11- Fixed Assets, B-11(a) - Accumulated Depreciation , B-11(e)- Capital Expenses (Infrastructure Sector)എന്നിവ പ്രകാരമുള്ള മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

## 1-1-5 MGNREGS, Health Grant എന്നിവയിലെ തുകകൾ വാർഷിക കണക്കിലെ ബാലൻസുമായി പൊരുത്തപ്പെടുന്നില്ല.

1. MGNREGS – ബാലൻസ് തുക B-4 (1,150,550.00)ലും RP 40-b (1,120,492.00)യിലും വ്യത്യാസപ്പെട്ടിരിക്കുന്നു.
2. Health Grant Towards Support For Diagnostic Infrastructure To The PHCs - ബാലൻസ് തുക B-4 (380,278.00)ലും RP 40-b (287,678.00) യിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

## 1-1-6 CFC Untied & Tied ലെ പൊരുത്തക്കേടുകൾ

1. CFC Untied വരവ് ₹1277000/- Rp 30-ൽ 320200105 -Performance Grant എന്ന ഹെഡിൽ അക്കൌണ്ട് ചെയ്തിരിക്കുന്നു. ബാലൻസ് ഷീറ്റിലും ഈ ഹെഡിൽ തുക ബാലൻസ് ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.
2. CFC Tied Grant -യഥാർത്ഥ വരവ് ₹3831000/- ആണ്. എന്നാൽ RP -30-ൽ 320200113 എന്ന ഹെഡിൽ ₹4206143/- വരവിലെടുത്തിരിക്കുന്നു. ബാലൻസ് ഷീറ്റ് B4-ലും ഇതേ ശീർഷകത്തിൽ ഇതനുസരിച്ച് നീക്കിബാക്കി തുക ഉൾപ്പെടുത്തിയിട്ടുണ്ട്.
3. CFC ബാലൻസ് തുക ബാലൻസ് ഷീറ്റ് B-4 പ്രകാരം ₹7378573/- (1534251 +1277000 +4567322) ആണ്. AFS മുന്നിരിപ്പ്, വരവ്, ചെലവ് പ്രകാരം നീക്കിയിരിപ്പ് വരേണ്ടിയിരുന്നത് ₹7003430ആണ്. യഥാർത്ഥ ബാലൻസ് തുക RP-40b പ്രകാരം ₹7749488/- ആണ്.

## 1-2 ബജറ്റ്

17-03-2022 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1(1) പ്രകാരം 2022-23 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

20-03-2023 ലെ തീരുമാനം നം. 1 പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

പരിഷ്കരിച്ച ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 54350503 |

| | |
|---|---|
| തൻവർഷം വരവ് | 153959240 |
| ആകെ വരവ് | 208309743 |
| ചെലവ് | 205759800 |
| നീക്കിയിരിപ്പ് | 2549943 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16965238 |
| വരവ് | 41023008 |
| ആകെ | 57988246 |
| ചെലവ് | 35784615 |
| നീക്കിയിരിപ്പ് | 22203631 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 14689000 | 14689000 | 14107740 | 581260 |
| വികസനഫണ്ട് എസ്.സി.പി | 0 | 11576000 | 11576000 | 11407898 | 168102 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 16289000 | 16289000 | 6236306 | 10052694 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 5089000 | 5089000 | 3568871 | 1520129 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(അൺ ടൈഡ്)-ബാങ്ക് | 1174575 | 2726353 | 3900928 | 1089677 (1089106+571 (Bank Charges) | 2811251 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ടൈഡ്)-ബാങ്ക് | 2655680 | 3831000* | 6486680 | 2294501* | 4192179 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്- (സ്പിൽ ഓവർ)- ട്രഷറി | 0 | 1384129 | 1384129 | 483606* | 900523 |

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്) -ൽ ₹172353/- പലിശ കൂടി ഉൾപ്പെട്ടിട്ടുണ്ട്.

*CFC Tied Grant -യഥാർത്ഥ വരവ് ₹3831000/- ആണ്. എന്നാൽ RP -30-ൽ 320200113 എന്ന ഹെഡിൽ ₹4206143/- വരവിലെടുത്തിരിക്കുന്നു. ബാലൻസ് ഷീറ്റ് B-ലും ഈ തുക (375143)ഉൾപ്പെടുത്തിയിട്ടുണ്ട്.

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ടൈഡ്)+ ടൈഡ് സ്പിൽ ഓവർ ട്രഷറി യിലെ ചെലവു തുകയാണ് AFSൽ ₹2778107 (I-6+B3) ഉള്ളത്.

AFS മുന്നിരിപ്പ്, വരവ്, ചെലവ് പ്രകാരം നീക്കിയിരിപ്പ് വരേണ്ടിയിരുന്നത് ₹7003430ആണ്. യഥാർത്ഥ ബാലൻസ് തുക RP-40b പ്രകാരം ₹7749488/- ആണ്. ഇതിൽ 666268/- കരാറുകാർക്ക് കൊടുക്കാനുള്ള തുകകളും 75410രൂപ ബില്ലിൽ നിന്നും പിടിച്ച ജിഎസ്ടി തുകയുമാണ്.

**കേന്ദ്രാവിഷ്കൃതം**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സ്വച്ഛ് ഭാരത് | 1983890 | | 1983890 | 0 | 1983890 |
| സമ്പൂർണ്ണ ശുചിത്വം | 370881 | ഇല്ല | 370881 | 187599 | 183282 |
| ICDS | 600455 | 1771626 | 2372081 | 844595 | 1527486 |
| Health Grant -Grant For Specific Purposes-Health Grant Towards Conversion Of PHCs And Subcentres Into Health And Wellness Centres | 0 | 268568 | 268568 | 626 | 267942 |
| Health Grant Towards Support For Diagnostic Infrastructure To The PHCs | 0 | 380904 | **380904** | 93226 | 287678* |

*Health Grant Towards Support For Diagnostic Infrastructure To The PHCs - ബാലൻസ് തുക B-4ലും RP 40-bയിലും വ്യത്യാസപ്പെട്ടിരിക്കുന്നു. 92600 രൂപ ചെലവ് തുക B-4ൽ ജേർണൽ ചെയ്തു മാറ്റിയിട്ടില്ല.

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 0 | 6500000 | 6500000 | 5040000 | 1460000 |
| ശുചിത്വ മിഷൻ | 45000 | 0 | 45000 | 0 | 45000 |
| ജലനിധി | 307517 | 24885 | 332402 | 885 | 331517 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 212 | 157694692 | 118 | 55842784 | 0 | 94 | 55.66 |

വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 9 | 6008228 | 3876889 | 64.53 |
| വി.ഇ.ഒ. I | 22 | | 83553739 | 17337002 | 20.75 |
| ഐ.സി.ഡി.എസ് | 9 | 7 | 6361628 | 5257820 | 82.65 |

| | | | | | |
|---|---|---|---|---|---|
| സൂപ്പർവൈസർ | | | | | |
| സെക്രട്ടറി | 46 | 30 | 20847305 | 9620972 | 46.15 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 88 | 39 | 27190373 | 9805734 | 36.06 |
| മെഡിക്കൽ ഓഫീസർ-PHC | 4 | 3 | 1214197 | 736853 | 0 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 3 | 3 | 1944355 | 1944355 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 425000 | 425000 | 100 |
| വെറ്ററിനറി സർജ്ജൻ | 8 | 6 | 3407980 | 1366234 | 40.09 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 800000 | 525000 | 65.63 |
| അസിസ്റ്റന്റ് സെക്രട്ടറി | 18 | 17 | 5941887 | 4946925 | 83.26 |
| ആകെ | 212 | 118 | 157694692 | 55842784 | 35.41 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 30,137.00 | 1,120,413.00 | 1150550.00 | 30058.00 | 1,120,492.00 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 15393718.00 | 15393718.00 | 15393718.00 | 0 |
| ആകെ | 30137.00 | 16514131.00 | 16544268.00 | 15423776.00 | 1,120,492.00 |

വാർഷിക കണക്കിൽ I 6+B 3 തുകയും I 14(C) + I 14 (F) തുകയും പരസ്പരം പൊരുത്തപ്പെടുന്നില്ല. കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിതരണം ചെയ്ത വിവിധ ക്ഷേമ പദ്ധതികളുടെയും ഗുണഭോക്താക്കളുടെയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2,749,800.00 | 248 |
| വിധവാപെൻഷൻ | 12,599,000.00 | 1129 |
| വാർദ്ധക്യകാലപെൻഷൻ | 20,061,600.00 | 1885 |
| വികലാംഗപെൻഷൻ | 3,529,400.00 | 320 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1,743,400.00 | 157 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-11-2023 ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. 16491 രൂപയുടെ വരവ്

ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തരനിയന്ത്രണം**

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ ILGMS സംവിധാനത്തിലൂടെയാണ് തൻവർഷം മുതൽ ഫയലുകൾ കൈകാര്യം ചെയ്യുന്നത്.

ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ 2023 ജൂലൈ പ്രാബല്യത്തിൽ പുതുക്കിയിട്ടുണ്ട്.

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

കേന്ദ്രാവിഷ്കൃത ഫണ്ടുകൾ, ശുചിത്വമിഷൻ ഫണ്ട്, മറ്റു ഗ്രാന്റുകൾ എന്നിവയുടെ വരവ് ചെലവ് വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

22-7-2009 മുതൽ 3-8-2009 വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2004-05 മുതൽ 2008-09 വർഷം വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്.

അക്കൌണ്ടന്റ് ജനറലിന്റെ 2006-07 വർഷത്തെ സപ്ലിമെന്ററി ഓഡിറ്റ് 4-8-2009 തിയതിയിൽ നടന്നിട്ടുണ്ട്.

പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ 11/2022 മാസത്തെ ഓഡിറ്റ് 19-11-2022 തിയതിയിൽ പൂർത്തിയാക്കിയിട്ടുണ്ട്. അതിൻ പ്രകാരം 6/18 മുതൽ 8/22 വരെ 39 പരാമർശങ്ങൾ തീർപ്പാക്കാൻ അവശേഷിക്കുന്നു.

പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**1-11 തൊഴിൽ നികുതി അപാകത**

**1) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), 204(2) എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ് നടത്തുകയോ പൊതുവോ, സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. താഴെ നൽകിയ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | AE LSGD Chalavara | II |
| 2 | DR ABIS Dental Care | II |
| 3 | Esaf Kailyad | II |
| 4 | FHC Chalavara | II |
| 5 | Kalpaka Metal Crusher | II |
| 6 | Post Office Mundakkottukurissi | II |

**2) സ്ഥാപന നികുതി അടവാക്കിയിട്ടില്ല.**

1.Shornur Co-operative Arban Bank

2.Kothakurussi SCB

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം 30/29.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-12 2023 ലെ വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തൽ**

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) എന്നിവ അനുസരിച്ച് 5 വർഷത്തിലൊരിക്കൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. സെക്ഷൻ 203 പ്രകാരം 25% വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും ഈ വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5% എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 - വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങ.ൾ

2. സ.ഉ(അച്ചടി)നം.25/2023/LSGD തിയതി 5-4-2023 (എസ്.ആർ.ഒ നം.479/2023/ 10-4-2023) - കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കിന്റെ വിജ്ഞാപനം

**2023 ലെ വസ്തുനികുതി പരിഷ്കരണം - പ്രധാന നിർദ്ദേശങ്ങൾ**

| നിർദ്ദേശം | നിർദ്ദേശം നടപ്പാക്കിയതിന്റെ വിവരം |
|---|---|
| **വസ്തു നികുതിയിൽ 5% വർദ്ധനവ് വരുത്തൽ**<br>എല്ലാ കെട്ടിടങ്ങളുടെയും 2022-23 വർഷം വരെ നിർണ്ണയിച്ചിട്ടുള്ള വസ്തു നികുതിയോടൊപ്പം അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തേണ്ട താണ്. | എല്ലാ കെട്ടിടങ്ങളുടെ വസ്തു നികുതിയിൽ 5% വർദ്ധനവ് വരുന്ന രീതിയിൽ സഞ്ചയ ഡാറ്റ ഐ.കെ.എം ക്രമീകരിച്ചിട്ടുണ്ട്. |
| **കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങൾ അറിയിക്കൽ**<br>മുൻകാലയളവുകളിൽ കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങളുടെ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കാത്ത വർക്ക് വിവരം **ഫോറം 9ബി** പ്രകാരം അറിയിക്കാവുന്നതാണ്.<br>സമയപരിധി - 15-05-2023 | ഫോറം 9B യിൽ നാളിതുവരെ 141 പേർ മാത്രമാണ് കെട്ടിടത്തിന്റെ മാറ്റങ്ങളുടെ വിവരം അറിയിച്ചിട്ടുള്ളത്. |

| | |
|---|---|
| **കെട്ടിടത്തിന്റെ ഫീൽഡ് പരിശോധന**<br>ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിന് 30-06-2023 വരെ സമയം അനുവദിച്ചിരുന്നു. | ഫീൽഡ് പരിശോധന നടത്തുന്നതിനായി ഡാറ്റാ എൻട്രി ഓപ്പറേറ്റർ മാരെ നിയമിക്കാൻ തീരുമാനിച്ചെങ്കിലും 30 രൂപ ഒരു വീടിനെ എന്ന നിരക്കിൽ ഫീൽഡ് പരിശോധന നടത്താൻ ആരും തയ്യാറായില്ല. |
| വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയ്ക്കായി നിശ്ചിത യോഗ്യത യുള്ളവരെ നിയമിക്കാവുന്നതും ഒരു വീടിന് 30 രൂപ നിരക്ക് അനുവദിക്കാവുന്നതാണ്. | വിവരശേഖരണം നടത്തുന്നതിനായി ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ 9 പേരെ നിയമിച്ചിട്ടുണ്ട്. |
| വസ്തു നികുതിയുടെ പുതുക്കിയ നിരക്കിന്റെ വിജ്ഞാപനം | 5% വർദ്ധനവ് വരുത്തിയതല്ലാതെ കെട്ടിടങ്ങളുടെ അടിസ്ഥാന വിവരം ശേഖരിക്കു ന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ആയതിനാൽ വസ്തു നികുതി പുനർ നിർണ്ണയവുമായി ബന്ധപ്പെട്ട മറ്റ് നടപടികളിലേക്ക് കടക്കുവാൻ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളത്.<br>ഉത്തരവുകൾ കണക്കിലെടുത്ത് 06/05/2023 തീയതിയിലെ 400768/PTRV01/GPO/2023/2843 നം. ഉത്തരവ് പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.<br>പൊതു ജനങ്ങൾക്ക് ആക്ഷേപം ഉണ്ടെങ്കിൽ അറിയിക്കുന്നതിനായി ഒരു മാസം സമയം നൽകിയിരുന്നുവെങ്കിലും പരാതിയൊന്നും ഇല്ലാത്തതിനാൽ കരട് വിജ്ഞാപനം അംഗീകരിക്കുകയും 04.07.2023 തിയതിയിൽ 400768/PTRV01/GPO/2023/2843 നം പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>കൂടാതെ, ദേശാഭിമാനി പത്രത്തിൽ വിജ്ഞാപനം പരസ്യപ്പെടുത്തിയിട്ടുണ്ട്.<br>അന്തിമ വിജ്ഞാപനം അനുസരിച്ചുള്ള നിരക്ക് സഞ്ചയയിൽ അപ്‌ലോഡ് ചെയ്തിട്ടില്ല. |
| **വസ്തു നികുതി നിരക്കും മേഖലകളും റോഡുകളുടെ തരംതിരിവും**<br>പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും ഗ്രാമപഞ്ചായത്തിന് പുതുക്കി നിശ്ചയിക്കാവുന്നതാണ്. | **പ്രഥമ മേഖല**<br>1. കുളപ്പുള്ളി ഏലിയപ്പറ്റ റോഡിൽ പഞ്ചായത്ത് അതിർത്തി മുതൽ ചളവറ പാലാട്ടുപടി വരെ ഇരുവശത്തും 100 മീറ്റർ വരെ ഉൾപ്പെട്ട പ്രദേശങ്ങൾ<br>2. വാണിയംകുളം വല്ലപ്പുഴ റോഡിൽ പഞ്ചായത്ത് അതിർത്തി മുതൽ വല്ല പഞ്ചായത്ത് അതിർത്തി വരെ ഇരുവശവും 100 മീറ്റർ ഉൾപ്പെടുന്ന പ്രദേശങ്ങൾ<br>3. കൈലിയാട് കൃഷ്ണപ്പടി റോഡിൽ കൈലിയാട് സർവീസ് സഹകരണ ബാങ്ക് മുതൽ പഞ്ചായത്ത് അതിർത്തി വരെ ഇരുവശങ്ങളിലും 100 മീറ്റർ വരെ ഉൾപ്പെടുന്ന പ്രദേശങ്ങൾ<br>4. ചളവറ പൊമ്പിലായ റോഡിൽ ചളവറ ഹയർ സെക്കൻഡറി സ്കൂൾ മുതൽ പൊമ്പിലായ റോഡിൻറെ പഞ്ചായത്ത് അതിർത്തിയുടെ ഇരുവശങ്ങളിലും 100 മീറ്റർ വരെ ഉൾപ്പെടുന്ന പ്രദേശങ്ങൾ<br>5. ചളവറ പഞ്ചായത്ത് ഓഫീസ് മുതൽ പുളച്ചവട്ട മദ്രസ വരെ ഇരുവശങ്ങളിലും 100 മീറ്റർ വരെ ഉൾപ്പെടുന്ന പ്രദേശങ്ങൾ<br>6. ചളവറ ചേറമ്പറ്റക്കാവ് റോഡിൽ ചളവറ മുതൽ പഞ്ചായത്ത് അതിർത്തി വരെ ഇരുവശങ്ങളിലും 100 മീറ്റർ വരെ ഉൾപ്പെടുന്ന പ്രദേശങ്ങൾ<br>7. പോസ്റ്റോഫീസ് തരുവക്കോണം റോഡിൽ പോസ്റ്റ് ഓഫീസ് മുതല് കളത്തുംപടി ഇരുവശങ്ങളിലും 100 മീറ്റർ വരെ ഉൾപ്പെടുന്ന പ്രദേശങ്ങൾ |

| | |
|---|---|
| | 8. ചളവറ ഹയർ സെക്കൻഡറി സ്കൂൾ മുണ്ടക്കോട്ടുകുറിശ്ശി ആശുപത്രിപ്പടി റോഡിൽ പൊരുതിയിൽ മനപ്പടി മുതൽ ആശുപത്രിപ്പടി വരെ ഇരുവശങ്ങളിലും 100 മീറ്റർ വരെ ഉൾപ്പെടുന്ന പ്രദേശങ്ങൾ<br><br>**ദ്വിതീയ മേഖല**<br><br>1. കളപ്പള്ളി എലിയപ്പറ്റ റോഡിൻറെ പ്രഥമ മേഖലയിൽ പെടാത്ത ഭാഗങ്ങൾ<br><br>2. വാണിയംകുളം വല്ലപ്പുഴ റോഡിൻറെ പ്രഥമ മേഖലയിൽ പെടാത്ത ഭാഗങ്ങൾ<br><br>3. കയിലിയാട് കൃഷ്ണപ്പടി റോഡിൻറെ പ്രഥമ മേഖലയിൽ പെടാത്ത ഭാഗങ്ങൾ<br><br>4. ചളവറ പൊമ്പിലായ റോഡിൻറെ പ്രഥമ മേഖലയിൽ പെടാത്ത ഭാഗങ്ങൾ<br><br>5. ചളവറ പഞ്ചായത്ത് ഓഫീസ് മുതൽ പുലാക്കൽ മുക്ക് വരെയുള്ള റോഡിൻറെ പ്രഥമ മേഖലയിൽ പെടാത്ത ഭാഗങ്ങൾ<br>6. ചേറമ്പാറ്റക്കാവ് റോഡിൽ പ്രഥമ മേഖലയിൽ പെടാത്ത ഭാഗങ്ങൾ<br><br>7. പോസ്റ്റ് ഓഫീസ് തരുവക്കോണം റോഡിൽ പ്രഥമ മേഖലയിൽ പെടാത്ത ഭാഗങ്ങൾ<br><br>8. ചളവറ ഗ്രാമപഞ്ചായത്തിലെ എല്ലാ പഞ്ചായത്ത് റോഡിൻ്റെയും ഇരുവശങ്ങളിലും 100 മീറ്റർ വരെ ഉൾപ്പെടുന്ന പ്രദേശങ്ങൾ<br><br>9. വരെങ്കിൽ സ്കൂൾ റോഡ് കുഞ്ചുകുറിശ്ശി വരെയും മല റോഡിൽ പഞ്ചായത്ത് അതിർത്തി വരെയും റോഡിൻറെ ഇരുവശവും 100 മീറ്റർ വരെ ഉൾപ്പെടുന്ന പ്രദേശങ്ങൾ<br><br>10. പുതിയ റോഡ് അത്താണിപ്പാറ റോഡിൻറെ ഇരുവശവും 100 മീറ്റർ വരെ ഉൾപ്പെടുന്ന പ്രദേശങ്ങൾ<br><br>11. ചളവറ പുളിങ്കുളം മുതൽ ചേറമ്പറ്റക്കാവ് വരെയുള്ള റോഡിൻറെ ഇരുവശങ്ങളിലും 100 മീറ്റർ വരെയുള്ള പ്രദേശങ്ങളിൽ ഉൾപ്പെടുന്ന മേഖല<br><br>12. മുതൽ വയറുയെങ്കിലും റോഡിൽ ഇരുവശങ്ങളിലും 100 മീറ്റർ വരെയുള്ള പ്രദേശങ്ങളിൽ ഉൾപ്പെടുന്ന മേഖല<br><br>13. പഴയ വില്ലേജ് മുതൽ വേമ്പളത്തുപാടം വരെയുള്ള റോഡിൻറെ ഇരുവശങ്ങളിലും 100 മീറ്റർ വരെയുള്ള പ്രദേശങ്ങളിൽ ഉൾപ്പെടുന്ന മേഖല<br><br>14. വെള്ളാരം കല്ല് മല്ലൂർ തൊടിപ്പടി വരെയുള്ള റോഡിൻറെ ഇരുവശങ്ങളിലും 100 മീറ്റർ വരെയുള്ള പ്രദേശങ്ങളിൽ ഉൾപ്പെടുന്ന മേഖല<br><br>15.മുണ്ടക്കോട്ടുകുറിശ്ശി ഷാപ്പിൻകുന്ന് മുതൽ ചോലമുക്ക് വരെയുള്ള റോഡിൻറെ ഇരുവശങ്ങളിലും 100 മീറ്റർ വരെയുള്ള പ്രദേശങ്ങളിൽ ഉൾപ്പെടുന്ന മേഖല<br><br>16. പൊരുതയിൽ മനപ്പടി പാറേക്കാട് റോഡിൻറെ ഇരുവശങ്ങളിലും നൂറ മീറ്റർ വരെയുള്ള പ്രദേശങ്ങളിൽ ഉൾപ്പെടുന്ന മേഖല<br><br>**തൃതീയ മേഖല**<br>പ്രഥമ ദ്വിതീയ മേഖലയിൽ പെടാത്ത പ്രദേശങ്ങൾ |

സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളും നിയമവ്യവസ്ഥകളും പാലിച്ച് വസ്തുനികുതി പരിഷ്കരണം സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്. തുടർ വിവരം അറിയിക്കേണ്ടതാണ്.

## 1-13 എം.എസ്.എം.ഇ കളുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്

MSME കെട്ടിടങ്ങളിലെ ഫയൽ പരിശോധനയിൽ 2022-2023 വർഷത്തിൽ 8 MSME കൾ സഞ്ചയയിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ MSME സ്ഥാപനങ്ങളുടെ ഉദ്യോഗ് ആധാർ മെമ്മോറാണ്ടം/ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, Acknowledgement Certificate, MSME രജിസ്റ്റർ എന്നിവ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല എന്ന് സെക്ഷൻ ഓഫീസർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ താഴെ പറഞ്ഞ സ്ഥാപനങ്ങൾ യഥാർത്ഥ MSME കളാണോ എന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞില്ല.

| ക്രമ നം. | കെട്ടിടനമ്പർ | സഞ്ചയ യിലെ പേര്/ വിലാസം | കെട്ടിടത്തിന്റെ ഉപയോഗ ക്രമം | കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം (ച:മീ) |
|---|---|---|---|---|
| 1 | 4/52/A | വിജേഷ്<br>ആക്കഴിയില്, ചളവറ | MSME | 13.5 |
| 2 | 5/141/C | മൊയ്തു മൌലവി<br>പുത്തൻപീടികക്കൽ, ചളവറ | MSME | 227.43 |
| 3 | 7/460 | മുഹമ്മദ്, സൈനബ<br>തച്ചുരുതൊടി, ചളവറ | MSME | 90 |
| 4 | 11/99 | മമ്മു<br>നെട്ടുങ്കണ്ടത്തില്<br>(വളച്ചുകെട്ടിയില്), കയിലിയാട് | MSME | 257.85 |
| 5 | 13/463 | സുബ്രമണ്യൻ മാനേജിംഗ് പാർട്ണർ ഗായത്രി അഗ്രികോ<br>,മാന്നാനംപറ്റ മനക്കൽ, ആരഭി,കാരക്കാട്, ഷൊർണൂർ | MSME | 200.3 |
| 6 | 14/346/B | ബാലസുബ്രമണ്യൻ<br>തെക്കിലപറന്പിൽ, മുണ്ടക്കോട്ടുകുറുശ്ശി, മുണ്ടക്കോട്ടുകുറുശ്ശി | MSME | 28.35 |
| 7 | 15/455/A | വിശ്വനാഥൻ.പി മുതൽ പേർ<br>പൊന്നത്തൊടി,മുണ്ടക്കോട്ടുകുറുശ്ശി | MSME | 49.04 |
| 8 | 15/495 | മുരളീധരന്<br>മാമ്പറ്റക്കളം, മുണ്ടക്കോട്ടുകുറുശ്ശി, മുണ്ടക്കോട്ടുകുറുശ്ശി | MSME | 126 |

കേന്ദ്ര സർക്കാരിന്റെ MSME Development Act, 2006 പ്രകാരം MSME മന്ത്രാലയത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളെയാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടത്. വ്യവസായ സ്ഥാപനങ്ങളുടെ കൃത്യത ഉറപ്പാക്കുന്നതിനായി ഉദ്യോഗ് ആധാർ മെമ്മോറാണ്ടം/ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, Acknowledgement Certificate എന്നിവ ഉറപ്പുവരുത്തിയാണോ മേൽ സ്ഥാപനങ്ങളെ MSME ഉൾപ്പെടുത്തിയെന്ന് അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 29/29.11.2023 മറുപടി ലഭ്യമായിട്ടില്ല.

## 1-14 ചെലവഴിക്കാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ്

2022-23 വാർഷിക ധനകാര്യ പത്രിക ബാലൻസ് പ്രകാരം താഴെ പറയുന്ന തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു. തുകകൾ നാളിതുവരെയായി ചെലവഴിച്ചിട്ടുള്ളതായി കാണുന്നില്ല. തുകകൾ ഏതു വർഷം എന്ത് ആവശ്യത്തിന് ലഭിച്ചു എന്നും തുക ചെലവഴിക്കാതിരുന്നതിന് മറുപടി ലഭ്യമാക്കേണ്ടതും ചെലവഴിക്കാത്ത തുകകൾ തിരിച്ചടക്കേണ്ടതുമാണ്.

| ഹെഡ് | തൻവർഷം വരവ് തുക | ബാലൻസ് തുക B-4 | തുക നൽകിയ സ്ഥാപനം |
|---|---|---|---|
| 320200305 | --- | 130757 | ലഭ്യമല്ല |

| | | | |
|---|---|---|---|
| 320100198 | --- | 45000 | ശുചിത്വ മിഷൻ |
| 320300103 | --- | 1983890 | ശുചിത്വ മിഷൻ |
| 320700104 | --- | 2551791 | ബ്ലോക്ക് പഞ്ചായത്ത് |
| 320700204 | --- | 284999 | ബ്ലോക്ക് പഞ്ചായത്ത് |
| 320700205 | 30000 | 833871 | ജില്ലാ പഞ്ചായത്ത് |

ചെലവഴിക്കാത്ത തുകകളെ സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 31/29.11.2023ന് മറുപടി ലഭ്യമാക്കിയില്ല. മറ്റു സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന തുകയിൽ ചെലവഴിക്കാത്ത തുക തിരിച്ചടക്കേണ്ടതാണ്.

## 1-15 തനതു ഫണ്ട് വകയിരുത്തി അംഗീകാരം നേടിയ പ്രൊജക്ടിൽ മാറ്റം വരുത്തി നടപ്പിലാക്കി

സ.ഉ(കൈ)നം. 17/2018/ത.സ്വ.ഭ.വ തീയതി:02.02.2018 പ്രകാരമുള്ള 13-ാം പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 5.1(5), സ.ഉ(കൈ)നം. 84/2022/ത.സ്വ.ഭ.വ തീയതി: 19.04.2022 പ്രകാരമുള്ള 14-ാം പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 5.1(14) എന്നിവ പ്രകാരം തനതു ഫണ്ട് വകയിരുത്തി അംഗീകാരം നേടിയ പ്രൊജക്ടുകളിൽ തനതുഫണ്ടിന് പകരം മറ്റ് സ്രോതസ്സുകൾ വകയിരുത്തുന്ന രീതിയിൽ ഭേദഗതി ചെയ്യാൻ പാടില്ല. അപ്രകാരമുള്ള ഭേദഗതികൾ ജില്ലാ ആസൂത്രണ സമിതി അംഗീകരിക്കുവാനും പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷത്തിൽ വികസനഫണ്ട് എസ്.സി.പി 300000 രൂപ, തനതുഫണ്ട് 732000 രൂപ എന്നിങ്ങനെ ആകെ 1032000 രൂപ അടങ്കൽ ആയി കുടുംബശ്രീ ജനകീയ സേവന കേന്ദ്രം പുതിയ കെട്ടിടം നിർമ്മാണം, ഹാബിറ്റാറ്റ് ടെക്നോളജീസ്, തിരുവനന്തപുരം മുഖാന്തിരം നിർവ്വഹിക്കുന്നതിന് (332/22) ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിരുന്നു (DDP/PKD/PAU6/CHLRA/332/2021-22/14.03.2022). പ്രൊജക്ട് 2022-23 വർഷത്തിൽ സ്പിൽ ഓവർ ആവുകയും അടങ്കലിൽ ഭേദഗതി വരുത്തി, തനതുഫണ്ട് വിഹിതം ഒഴിവാക്കി, വികസനഫണ്ട് എസ്.സി.പി യിൽനിന്ന് മുഴുവൻ തുകയും (10320000രൂപ) വകയിരുത്തി 497979 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി മാർഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രൊജക്ടിന്റെ അടങ്കലിൽ ഭേദഗതി വരുത്തി നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/27.11.2023) മറുപടി നൽകിയിട്ടില്ല

ഓഡിറ്റ് നിർദ്ദേശങ്ങൾ

പദ്ധതി മാർഗരേഖ, സബ്സിഡി മാർഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-16 പഞ്ചായത്ത് ഓഫീസ് കോംപ്ലക്സ് വിപുലീകരണം-എഗ്രിമെന്റ് ചമച്ചത് മതിയായ നിരക്കിലുള്ള സ്റ്റാമ്പ് പേപ്പറിലല്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പഞ്ചായത്ത് ഓഫീസ് കോംപ്ലക്സ് വിപുലീകരണം എന്ന പ്രൊജക്ട് അക്രഡിറ്റഡ് ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജീസ്, തിരുവനന്തപുരം എന്ന സ്ഥാപനം മുഖേനെ Non-PMC ആയി നിർവ്വഹിച്ചിട്ടുണ്ട്.

കേരള ഫിനാൻസ് ആക്ട്, 2018 പ്രകാരം 1-4-2018 മുതൽ മരാമത്ത് പ്രവൃത്തികൾക്കും, സേവനങ്ങൾക്കും എഗ്രിമെന്റുകൾക്ക് പ്രത്യേക സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് ഏർപ്പെടുത്തുകയും 1959 ലെ കേരള സ്റ്റാമ്പ് ആക്ടിൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. മരാമത്ത് പ്രവൃത്തികൾക്കുള്ള എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി ഓരോ 1000/- രൂപയ്ക്കും 1/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. കുറഞ്ഞത് 200/-രൂപയും പരമാവധി 1 ലക്ഷം രൂപയുമായി സ്റ്റാമ്പ് ഡ്യൂട്ടി നിജപ്പെടുത്തിയിട്ടുമുണ്ട്. നിർവ്വഹണ ഏജൻസിയുമായി ആകെ 200/ രൂപയുടെ മുദ്രപത്രത്തിലാണ് എഗ്രിമെന്റ് ചമച്ചിട്ടുള്ളത്. എഗ്രിമെന്റിന് നിശ്ചിത മൂല്യമില്ലാത്തതിനാൽ കരാറിന് നിയമപരമായ സാധുതയില്ല എന്ന് വിലയിരുത്തുന്നു. പ്രോജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | 07/23 പഞ്ചായത്ത് ഓഫീസ് കോംപ്ലക്സ് വിപുലീകരണം |
| അടങ്കൽ | 2286520 രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 704470 രൂപ |
| പി.എ.സി | 1850020 രൂപ |
| നിർവ്വഹണം | സെക്രട്ടറി |
| കരാർ നം.തീയതി | 1398/2018-19/15.11.2018 |
| കരാറുകാരൻ | ഹാബിറ്റാറ്റ് ടെക്നോളജീസ്, തിരുവനന്തപുരം |
| സാങ്കേതിക അനുമതി | 20/HTG/REPAB/PTH തീ.31.12.2021-2286520 രൂപ |
| ബിൽ/വൌച്ചർ നം.തീയതി | 133/10.11.22- 457304 രൂപ (20% മുൻകൂർ)<br>330/15.03.23-247166 രൂപ |
| കരാർ തുക | 2286520 രൂപ |
| എഗ്രിമെന്റ് ചമയ്ക്കേണ്ടിയിരുന്നത് | 2290 രൂപ |
| എഗ്രിമെന്റ് ചമച്ചത്. | 200 രൂപ |
| കുറവ് | 2090 രൂപ |

സ്റ്റാമ്പ് പേപ്പർ മൂല്യത്തിൽ 2090 രൂപയുടെ നഷ്ടം സംസ്ഥാന സർക്കാറിന് ഉണ്ടായിട്ടുണ്ട് . ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 10/25.11.23) പ്രവൃത്തി നിലവിൽ പൂർത്തീകരിച്ചിട്ടില്ല, കുറവ് വന്ന 2090 രൂപയുടെ മൂല്യത്തിലുള്ള മുദ്രപത്രം ഹാബിറ്റാറ്റ് ടെക്നോളജീസ് ൽ നിന്നും വാങ്ങി കരാറിന്റെ ഭാഗമാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് നിർദ്ദേശം**

പ്രവൃത്തികളുടെ സമയബന്ധിത പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

**1-17 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന് ബാധ്യതയാകുന്നു**

2022-23 വർഷത്തിൽ താഴെപറയുന്ന കുടിവെള്ള പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വൈദ്യുത ചാർജ്ജ്, പമ്പ് ഓപ്പറേറ്റർ/മീറ്റർ റീഡർ എന്നിവരുടെ വേതനം എന്നീയിനത്തിൽ തനതുഫണ്ടിൽനിന്നും തുക ചെലവഴിച്ചിട്ടുണ്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കുടിവെള്ള പദ്ധതി | കൺസ്യൂമർ നമ്പർ | പമ്പ് ഓപ്പറേറ്റർ/ മീറ്റർ റീഡർ * |
|---|---|---|---|
| 1 | ചെറുവത്തൂർ കോളനി | 1165421011282 | ദിലീപ് @ 19710/ - |
| 2 | കളത്തിൽകുന്ന് | 1165421016756 | ഷംസുദ്ദീൻ @ 19710 |
| 3 | വാരിയതൊടി | 1165421017208 | സുധിഷ് @ 3000 |
| 4 | ചെരപ്പറമ്പത്ത് | 1165423015130 | സുധാകരൻ @ 2500 |
| 5 | പാലാട്ടുപടി | 1165423015194 | അപ്പുണ്ണി @ 1500 |
| 6 | കുഞ്ചുനായർപടി | 1165423021590 | ആദിത്ത് @ 16500 |
| 7 | കുഞ്ഞുക്കുറുശ്ശി | 1165424012367 | |
| 8 | ചോലയിൽ | 1165426015174 | |
| 9 | കിളിഞ്ചിരിക്കുന്ന് | 1165428010920 | |
| 10 | പട്ടത്തിൽക്കുന്ന് | 1165428015195 | |
| 11 | ചാലിയംകുന്ന് | 1167033004743 | |
| 12 | കറുകത്തൊടി | 1167035010308 | |

| | | | |
|---|---|---|---|
| 13 | നടുത്തൊടി പറമ്പ് | 1167036011198 | |
| 14 | പട്ടത്തിൽക്കുന്ന് | 1167843010937 | |
| 15 | കൈതേരിക്കുന്ന് | 1167846010950 | |

* പ്രസ്തുത 15 കുടിവെള്ള പദ്ധതികളിൽ ആകെ 6 ജീവനക്കാരാണ് പ്രവൃത്തി ചെയ്യുന്നത്.

കുടിവെള്ളപദ്ധതികളുടെ വാർഷിക കണക്ക് പ്രകാരമുള്ള വരവ്- ചെലവ് വിശദവിവരം ചുവടെചേർക്കുന്നു.

| | | |
|---|---|---|
| 1 | വൈദ്യുതി ചാർജ്ജ് (1-12) | 821,788.00 |
| 2 | പമ്പ് ഓപ്പറേറ്റർ വേതനം | 755040 |
| 3 | റിപ്പയർ & മെയിന്റനൻസ് (1-14 എ) | 170,609.00 |
| 4 | ആകെ ചെലവ് | 1747437 |
| 5 | വെള്ളക്കരം വരവ് (1-4) | 366,003.00 |
| 6 | വരവ് - ചെലവ് വ്യത്യാസം | -1381434 |

തൻവർഷത്തിൽ വരവിനേക്കാൾ 13 ലക്ഷം രൂപ അധികം ചെലവ് ചെയ്തിട്ടുണ്ട്. ഇതിനു പുറമെ ചളവറ കേന്ദ്രീകൃത കുടിവെള്ള വിതരണ സമിതിക്ക് 36 പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 3600/- രൂപ (36*100) വീതം 5 മാസത്തെ തുക 18000 രൂപ പ്രൊജക്ട് 09/23 പ്രകാരം നൽകിയിട്ടുണ്ട്. താരതമ്യേനെ തനതു വരുമാനം കുറവായ ഗ്രാമ പഞ്ചായത്തിന് കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ബാധ്യതയായിരിക്കുന്നു.

സർക്കാർ ഉത്തരവ് (സാ) 1275 /2009 / ത.സ്വ.ഭ.വ തീയ്യതി 30.05.2009 പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏല്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത കുടിവെള്ള പദ്ധതികളിൽ നിന്നും നൽകിയ ഗാർഹിക/ഗാർഹികേതര കണക്ഷനുകളുടെ എണ്ണം, വെള്ളക്കരം നിരക്ക് നടപ്പുവർഷത്തിൽ ഈടാക്കിയ വെള്ളക്കരം, കുടിശികയുടെ വിവരം, മെയിന്റനൻസ് ചെലവ് എന്നിവ ലഭ്യമാക്കുന്നതിനും, നാളിതുവരെയായും കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറാത്തതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/28.11.2023) മറുപടി നൽകിയിട്ടില്ല.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1.കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് -സംരക്ഷണ ചുമതല ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കേണ്ടതാണെന്ന 30-5-2009 ലെ സ.ഉ(സാ)നം.1275/2009/ത.സ്വ.ഭ.വ ഉത്തരവിലെ നിർദ്ദേശം പാലിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ നടത്തേണ്ടതാണ്.

2.പദ്ധതികൾ കൈമാറുന്നതുവരെ ഉപഭോക്താക്കളുടെ കൃത്യമായ കണക്ക് ശേഖരിച്ച് ഡിമാന്റ് രജിസ്റ്ററും കുടിശ്ശിക ഡിമാന്റ് രജിസ്റ്ററും തയ്യാറാക്കി കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്.

3.വെള്ളക്കരം നിരക്കിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തേണ്ടതാണ്.

4. വരവിന് ആനുപാതികമായി ചെലവുകൾ ക്രമീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ വിഷയം ചർച്ചചെയ്ത് ഉചിതമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-18 വാഹനത്തിന്റെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിനായി സ.ഉ(എം.എസ്)നം. 170/2007/തസ്വഭവ തിയതി 30-06-2007 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, ധനകാര്യ വകുപ്പ് സർക്കുലർ നം. 41/2008/ധന തിയതി 02-08-2008 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജി.ഒ(പി)നം. 161/2006/ധന തിയതി 31-03-2006 പ്രകാരം സർക്കാർ വാഹനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുവാൻ വെഹിക്കിൾ ഹിസ്റ്ററി ബുക്ക്, വാഹനത്തിന്റെ റിപ്പയർ, സുരക്ഷ തുടങ്ങിയവയുടെ വിവരം രേഖപ്പെടുത്തുന്നതിനായി ഫോറങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾ

പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് KL-51-C-1818 ബൊലോറോയുടെ ഗ്രാമ പഞ്ചായത്തിൽ പരിപാലിച്ചു വരുന്ന രേഖകളുടെ അടിസ്ഥാനത്തിൽ നടത്തിയ വിലയിരുത്തലിന്മേലുള്ള കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

**വാഹനങ്ങളുടെ പരിപാലനച്ചെലവ്**

2022-23 വർഷത്തിൽ വാഹനങ്ങളുടെ പരിപാലനത്തിനായി ചെലവഴിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഇന്ധന ചെലവ് | റിപ്പയർ & മെയിന്റനൻസ് | ഇൻഷൂറൻസ് |
|---|---|---|
| 235,322.00 | 61,305.00 | 18,797.00 |

വാഹനത്തിൽ ഫുൾ ടാങ്ക് ഇന്ധനം നിറക്കേണ്ടതാണെന്നും ഇന്ധന ഉപയോഗത്തിന്റെ അളവ് കാര്യമായി വർദ്ധിക്കുന്ന പക്ഷം ഉപയോഗക്ഷമത പുതുക്കി നിശ്ചയിക്കേണ്ടതാണെന്നും നിശ്ചിത ഇടവേളകളിൽ സർവ്വീസിംഗ് നടത്തേണ്ടതാണെന്നും മാർഗ്ഗനിർദ്ദേശമുണ്ട്.

**ഇന്ധനത്തിന്റെ ഉപയോഗക്ഷമത പരിശോധിക്കൽ**

ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ നിന്നും സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ് എന്ന് വ്യവസ്ഥയുണ്ട്. ലോഗ് ബുക്ക് പ്രകാരം വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടില്ല എന്ന് കാണുന്നു.

ഫ്യുവൽ ടെസ്റ്റ് സമയബന്ധിതമായി നടത്താത്തതിനാൽ വാഹനത്തിന്റെ മൈലേജ് ഗണ്യമായി കുറയുന്നുണ്ടോ എന്നും ഇന്ധനത്തിന്റെ ഉപയോഗം വർദ്ധിക്കുന്നുണ്ടോ എന്നും അറിയുവാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്.

**വാഹന പുക ടെസ്റ്റ്**

വാഹനങ്ങളുടെ പുക ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തിയതിന്റെ രേഖകൾ ലോഗ്ബുക്കിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

ജി.ഒ(പി)നം. 161/2006/ധന തിയതി 31-03-2006 പ്രകാരം നിശ്ചയിച്ചിട്ടുള്ള മാതൃകയിൽ വാഹനത്തിന്റെ വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിച്ചിട്ടുണ്ടെങ്കിലും, ഓഡിറ്റ് കാലയളവിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്.

06/2022 ന് ശേഷം പ്രതിമാസ, വാർഷിക സംക്ഷിപ്തം ലോഗ് ബുക്കിൽ രേഖപ്പെടുത്തതിനാൽ ഓരോ വർഷവും എത്ര ലിറ്റർ ഇന്ധനമാണ് ഉപയോഗിച്ചിട്ടുള്ളതെന്ന് പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. കൂടാതെ ഇന്ധനക്ഷമതാ ടെസ്റ്റ് നടത്താത്തതിനാൽ ഇന്ധന ക്ഷമതയുടെ കൃത്യത ഉറപ്പാക്കുവാനും സാധിച്ചിട്ടില്ല. ലോഗ് ബുക്കിൽ വാഹനത്തിന്റെ കസ്റ്റോഡിയൻ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.26/29.11.2023) നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്നും, മൈലേജ് ടെസ്റ്റ്, ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് എന്നിവ സമയ ബന്ധിതമായി ചെയ്യുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-19 യാത്രാബത്ത നൽകിയത്-അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല.**

സർക്കാർ ഉത്തരവ്(ആർ.ടി) നം.124/2019/ധന/06.09.2019 പ്രകാരം ജനപ്രതിനിധികളും, സർക്കാർ ജീവനക്കാരും, എല്ലാ യാത്ര ബത്ത ബില്ലുകളോടൊപ്പവും ഔദ്യോഗിക യാത്ര നടത്തിയതിന്റെ ആധികാരിത ഉറപ്പുവരുത്തുന്നതിനായി ട്രെയിൻ/ വ്യോമ യാത്ര നടത്തിയതിന്റെ യഥാർത്ഥ യാത്ര ടിക്കറ്റ് നിർബന്ധമായും സമർപ്പിക്കേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്.
ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന് 07/2021 മുതൽ 04/2022 വരെയുള്ള ഔദ്യോഗിക യാത്രകൾക്ക്,Train യാത്ര നടത്തിയതിനുൾപ്പെടെ, യാത്രാബത്തയിനത്തിൽ തുക നൽകിയിട്ടുണ്ട്. ചെലവിന്റെ വിശദവിവരം ചുവടെചേർക്കുന്നു. വൗച്ചർ നം. 22200272/04.07.2022 തുക 31304 രൂപ.

| ക്രമ നം. | തീയതി | യാത്ര ചെയ്തത് | കൈപ്പറ്റിയ തുക | വാഹനം | യാത്രയുടെ ഉദ്യേശം |
|---|---|---|---|---|---|
| 1 | 15.07.21 മുതൽ 17.07.21 വരെ | ചളവറ- ഷൊർണൂർ- തിരുവനന്തപുരം | 2844 | ടെയിൻ ഫസ്റ്റ് ക്ലാസ് | പുതിയ കെട്ടിട നിർമ്മാണം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയെ കാണുന്നതിന് |
| 2 | 02.08.21 മുതൽ 03.08.21വരെ | ചളവറ- ഷൊർണൂർ- തിരുവനന്തപുരം | 2844 | ടെയിൻ ഫസ്റ്റ് ക്ലാസ് | KGPA ജനറൽബോഡിയിൽ പങ്കെടുക്കുന്നതിന് |
| 3 | 28.08.21 മുതൽ 29.08.21 വരെ | ചളവറ- ഷൊർണൂർ- തിരുവനന്തപുരം | 2844 | ടെയിൻ ഫസ്റ്റ് ക്ലാസ് | KGPA ഭാരവാഹികളുടെ യോഗത്തിൽ പങ്കെടുക്കുന്നതിന് |
| 4 | 17.09.21 മുതൽ 18.09.21 വരെ | ചളവറ- ഷൊർണൂർ- തിരുവനന്തപുരം | 2844 | ടെയിൻ ഫസ്റ്റ് ക്ലാസ് | KGPA ശില്പശാല |
| 5 | 28.10.21 മുതൽ 29.10.21 വരെ | ചളവറ- ഷൊർണൂർ- തിരുവനന്തപുരം | 2844 | ടെയിൻ ഫസ്റ്റ് ക്ലാസ് | പുതിയ കെട്ടിട നിർമ്മാണം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയെ കാണുന്നതിന് |
| 6 | 02.12.21 മുതൽ 03.12.21 വരെ | ചളവറ- ഷൊർണൂർ- തിരുവനന്തപുരം | 2844 | ടെയിൻ ഫസ്റ്റ് ക്ലാസ് | പഞ്ചായത്ത് ഡയറക്ടറേറ്റ്, ഹാബിറ്റാറ്റ് ഓഫീസ് |
| | | ആകെ | 17064 | | |

മേൽ വൗച്ചറിനോടൊപ്പം യഥാർത്ഥ യാത്ര ടിക്കറ്റ് ഉള്ളടക്കം ചെയ്തിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന് (നം.20/27.11.2023 മതിയായ രേഖകൾ സഹിതം മറുപടി/വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 17064 രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

**1-20 മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല**

വിവിധ ആവശ്യങ്ങൾക്കായി നിർവ്വഹണോദ്യോഗസ്ഥർക്ക് തൻവർഷത്തിൽ നൽകിയിട്ടുള്ള മുൻകൂർ തുകകൾ നാളിതുവരെയായും ക്രമീകരിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം /ചെക്ക് നം | തുക കൈപ്പറ്റിയത് | ഇനം | തുക |
|---|---|---|---|---|
| 1 | 22200319/30.07.2022 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | ആരോഗ്യ ജാഗ്രത പകർച്ചവ്യാധി തടയൽ | 150000 |
| 2 | 22201134/31.03.2023 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | മഴക്കാല പൂർവ്വ ശുചീകരണം | 300000 |
| | | ആകെ | | 450000 |

ബാലൻസ് ഷീറ്റ് (ബി 18) പ്രകാരം 460500501 Advance To Implementing Officers എന്ന ശീർഷകത്തിൽ 450000 രൂപ ക്രമീകരിക്കുന്നതിന് അവശേഷിക്കുന്നുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 99, ജി.ഓ(പി) നം.419/11/ഫിൻ.തീയതി 04.10.2011 എന്നിവ പ്രകാരം മുൻകൂർ നൽകിയ തുകകൾ 3 മാസത്തിനകം ക്രമീകരിക്കാത്തപക്ഷം, തുക പിൻവലിച്ച തീയതി മുതൽ തുക ഈടാക്കുന്നതീയതി വരെയുള്ള കാലയളവിലേക്ക് 18% പലിശ ഈടാക്കേണ്ടതാണെന്ന്

നിഷ്കർഷിച്ചിട്ടുണ്ട്. മുൻകൂർ നൽകിയ തുകകൾ സമയബന്ധിതമായി ക്രമീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/28.11.2023) മെഡിക്കൽ ഓഫീസർ കൈപ്പറ്റിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതും പരിശോധനയ്ക്ക് ഹാജരാക്കുന്നതുമാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* മുൻകൂർ നൽകുന്നത് അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, സമയബന്ധിതമായി ക്രമീകരിക്കേണ്ടതുമാണ്.

## 1-21 എസ്.എസ്.എ വിഹിതം നൽകൽ - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

കേന്ദ്ര മാനവ ശേഷി വികസന മന്ത്രാലയം, സ്കൂൾ ഏഡ്യൂക്കേഷൻ ആന്റ് ലിറ്ററസി വകുപ്പിന്റെ 22-2-18 ലെ ധാരണാപത്രം ഖണ്ഡിക 4.1 പ്രകാരം Integrated Scheme For School Education: Merging The Centrally Sponsored Schemes Of SSA, RMSA &TE കളുടെ ചെലവിന്റെ 60 ശതമാനം കേന്ദ്രസർക്കാരും 40 ശതമാനം സംസ്ഥാന സർക്കാരും വഹിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ.ഉ(കൈ)നം.84/2022 /ത.സ്വ.ഭ.വ തീയതി 19.04.2022 പ്രകാരമുള്ള 14-ാം പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 5.2.എ (2) പ്രകാരമുള്ള നിർദ്ദേശാനുസരണം ഗ്രാമ പഞ്ചായത്ത്, സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള "എസ്.എസ്.എ. വിഹിതം നൽകൽ" പ്രൊജക്ടുകൾ പ്രകാരം ബ്ലോക്ക് പ്രൊജക്ട് കോ-ഓഡിനേറ്റർ, എസ്.എസ്.കെ, പാലക്കാടിന്റെ അക്കൗണ്ടിലേക്ക് ( IFSC Code: CNRB0000719 A/c No: 0719101048942) താഴെ പറയുന്നപ്രകാരം തുക കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നം & പേര് | അടങ്കൽ | ബിൽ നം. /തിയതി | തുക |
|---|---|---|---|---|
| 1 | 116/2023 എസ്.എസ്.എ വിഹിതം - ജനറൽ | 200000 രൂപ (വികസന ഫണ്ട് ) | 14/29.09.22 | 200000 |
| 2 | 117/2023 എസ്.എസ്.എ വിഹിതം - SCP | 300000രൂപ (വികസന ഫണ്ട് ) | 12/29.09.22 | 300000 |

SSK ലഭ്യമാക്കിയ Annual Work Plan And Budget [AWP&B) പ്രകാരം ചളവറ ഗ്രാമ പഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിൽ 30.16 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. വിദ്യാലയങ്ങളിൽ നടപ്പാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും, യഥാർത്ഥ ചെലവു വിവരങ്ങളും ബി.ആർ.സി യിൽ നിന്നും ലഭ്യമാക്കി സമർപ്പിക്കുന്നതിനും, 2022-23 വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിൽ SSK നടത്തിയ അക്കാദമിക്ക് / പരിശീലന പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ ബി.ആർ.സി / ജില്ലാ പ്രൊജക്ട് ഓഫീസറിൽ നിന്നും ലഭ്യമാക്കി, എസ്.എസ്.കെ യ്ക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം കൂടി പരിശോധനയ്ക്ക് ഹാജരാക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.06/24.11.2023) SSK നടത്തിയ അക്കാദമിക്ക് / പരിശീലന പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതിന് എസ്.എസ്.കെ യ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 സംയുക്ത പ്രോജക്ടുകൾക്ക് തുക നൽകിയത് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

ചളവറ ഗ്രാമ പഞ്ചായത്ത്, വനിതാ ശിശു വികസന വകുപ്പ്, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവ സംയുക്തമായി നടപ്പിലാക്കുന്ന വിവിധ അങ്കണവാടികളുടെ നിർമ്മാണ പ്രവൃത്തികൾക്കായി MNREGS സ്റ്റേറ്റ് മിഷൻ ഡയറക്ടർക്ക്, സെക്രട്ടറി ചളവറ ഗ്രാമ പഞ്ചായത്തിന്റെ വിഹിതം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | ബിൽ നം. | തുക | അക്കൗണ്ട് നം. |
|---|---|---|---|---|
| 1 | 232/23 14-വെട്ടിക്കുണ്ട് അങ്കണവാടി നിർമ്മാണം | 34/31.03.2023 | 300000 രൂപ | 799011400000486 |

സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 പ്രകാരമുള്ള 14 ാം പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 8.8.2(2) പ്രകാരം എല്ലാ അങ്കണവാടികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വനിതാ ശിശു വികസന വകുപ്പ്, MNREGS എന്നിവയുമായി സഹകരിച്ച് പ്രവർത്തിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മേൽ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി, ധനവിനിയോഗ സാക്ഷ്യപത്രങ്ങളുടെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/25.11.23) പ്രവൃത്തി നിലവിൽ പൂർത്തീകരിച്ചിട്ടില്ല എന്നും, തുക കൈമാറിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് നിർദ്ദേശം**

പ്രവൃത്തികളുടെ സമയബന്ധിത പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

## 1-23 മരാമത്ത് പ്രവൃത്തികൾ- പ്രവർത്തി പൂർത്തീകരണം -സമയം ദീർഘിപ്പിച്ചതിന് ഫൈൻ ഈടാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവർത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ 2012 ലെ കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരം പിഴ കരാറുകാരിൽ നിന്നും ഈടാക്കിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു. നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം ഗ്രാമപഞ്ചായത്തിന് പിഴ ഇനത്തിൽ വരുമാന നഷ്ടവുമുണ്ടായിട്ടുണ്ട്.

2012 ലെ കേരള പി.ഡബ്ല്യു.ഡി മാന്വലിലെ സെക്ഷൻ 2112 പ്രകാരം ഓരോ പ്രാവശ്യവും ദീർഘിപ്പിച്ച നൽകാവുന്ന കരാർ കാലാവധി ദൈർഘ്യം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ മാത്രമാണ്. ഏതൊരു പ്രവൃത്തിയ്ക്കും അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ഒരു കാരണവശാലും ദീർഘിപ്പിച്ച നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥന്റെ ശുപാർശയോടെ ഭരണസമിതി തീരുമാനത്തോടെ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ ഇതു സംബന്ധിച്ച് നടപടിക്രമങ്ങളുടെ രേഖകൾ അപൂർണ്ണമാണ്. പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്.

മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റേതായ കാരണങ്ങളാൽ ദീർഘിപ്പിച്ച നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. മേൽ ഉത്തരവു പ്രകാരം കാലാവധി ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് 1000 രൂപ കൂടിയത് 50000 രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% (കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ) എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പിഴ ഈടാക്കാതെയാണ് കാലാവധി ദീർഘിപ്പിച്ച നൽകിയിട്ടുള്ളത്. വിശദ വിവരം ചുവടെചേർക്കുന്നു.

| ക്രമ നം (1) | പ്രവൃത്തിയുടെ വിവരം | 22/23 പഞ്ചായത്ത് ഓഫീസ് നവീകരണം (സ്പിൽ ഓവർ) |
|---|---|---|
| 1 | അടങ്കൽ - | 400000രൂപ തനതുഫണ്ട് |
| 2 | PAC- | 324439 രൂപ |
| 3 | കരാറുകാരൻ - | ഹാബിറ്റാറ്റ് ടെക്നോളജീസ്, തിരുവനന്തപുരം (3 മാസം) |
| 4 | സാങ്കേതികാനുമതി | 20/HTG/REPAB/PTH തീ.31.12.2021-400000രൂപ |

| | | |
|---|---|---|
| 5 | എഗ്രിമെന്റ് നം.: | No.PLAN/3/202 Dt 13.01.2022 |
| 6 | പാർട്ട് ബിൽ | 269/21.02.22-78000 |
| 7 | ബിൽ / വൗച്ചർ നം.നം. | 301/15.03.23-197991 രൂപ |
| 8 | എം.ബുക്ക് നം. | 109 |
| 9 | പൂർത്തീകരിക്കേണ്ട തീയ്യതി: | 20.05.2022 |
| 10 | പൂർത്തീകരിച്ച തീയ്യതി | 04.12.2022 |
| 11 | ഈടാക്കേണ്ടത് (1%) | 3244 |
| 12 | ഈടാക്കിയത് | 0 |
| 13 | കുറവ് | 3244രൂപ |

| ക്രമ നം (2) | പ്രവൃത്തിയുടെ വിവരം | 21/23 പഞ്ചായത്ത് ഓഫീസ് കോംപ്ലക്സ് വിപുലീകരണം (സ്പിൽ ഓവർ) |
|---|---|---|
| 1 | അടങ്കൽ - | 2466000രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 2 | PAC- | 2069607രൂപ |
| 3 | കരാറുകാരൻ - | ഹാബിറ്റാറ്റ് ടെക്നോളജീസ്, തിരുവനന്തപുരം (3 മാസം) |
| 4 | സാങ്കേതികാനുമതി | 19/HTG/MA HA/PTH തീ.31.12.2021-2466000രൂപ |
| 5 | എഗ്രിമെന്റ് നം.: | PKD/A10/1/22 Dt 13.01.2022 |
| 6 | മുൻ വർഷങ്ങളിലെ പാർട്ട് ബിൽ | 223/28.01.22-493200<br>439/31.03.22-600551 |
| 7 | തൻവർഷത്തെ ബിൽ / വൗച്ചർ നം.നം. | 52/04.07.22-160380രൂപ<br>150/29.11.22-237347 രൂപ |
| 8 | എം.ബുക്ക് നം. | 102, 107 |
| 9 | പൂർത്തീകരിക്കേണ്ട തീയ്യതി: | 27.04..2022 |
| 10 | പൂർത്തീകരിച്ച തീയ്യതി | പൂർത്തീകരിച്ചിട്ടില്ല |
| 11 | ഈടാക്കേണ്ടത് (1%) | 20696 |
| 12 | ഈടാക്കിയത് | 0 |
| 13 | കുറവ് | 20696രൂപ |

| ക്രമ നം (3) | പ്രവൃത്തിയുടെ വിവരം | 27/23 കുടുംബശ്രീ ജനകീയ സേവന കേന്ദ്രം പുതിയ കെട്ടിടം നിർമ്മാണം (സ്പിൽ ഓവർ) |
|---|---|---|
| 1 | അടങ്കൽ - | 300000രൂപ വികസനഫണ്ട് എസ്.സി.പി<br>732000രൂപ തനതുഫണ്ട് ആകെ 1032000 |
| 2 | PAC- | 842225രൂപ |
| 3 | കരാറുകാരൻ - | ഹാബിറ്റാറ്റ് ടെക്നോളജീസ്, തിരുവനന്തപുരം (3 മാസം) |
| 4 | സാങ്കേതികാനുമതി | 02/HTG/JSB/PTH തീ.08.04.2022-1032000രൂപ |
| 5 | എഗ്രിമെന്റ് നം.: | 11/2022 Dt 11.04.2022 |
| 6 | മുൻ വർഷങ്ങളിലെ പാർട്ട് ബിൽ | 0 |
| 7 | തൻവർഷത്തെ ബിൽ /വൗച്ചർ നം.നം. | 11/19.09.22-394726 രൂപ<br>19/30.11.22-103253 രൂപ |
| 8 | എം.ബുക്ക് നം. | 104 |
| 9 | പൂർത്തീകരിക്കേണ്ട തീയ്യതി: | 07.07.2022 |
| 10 | പൂർത്തീകരിച്ച തീയ്യതി | പൂർത്തീകരിച്ചിട്ടില്ല |
| 11 | ഈടാക്കേണ്ടത് (1%) | 8422 |

| | | |
|---|---|---|
| 12 | ഈടാക്കിയത് | 0 |
| 13 | കുറവ് | 8422രൂപ |

| ക്രമ നം (4) | പ്രവൃത്തിയുടെ വിവരം | 26/23 ടേയ്ക്ക് എ ബ്രേക്ക് ശുചിത്വ കോംപ്ലക്സ് കയില്യാട് (സ്പിൽ ഓവർ) |
|---|---|---|
| 1 | അടങ്കൽ - | 2849500രൂപ CFC ഗ്രാന്റ് |
| 2 | PAC- | 2366633രൂപ |
| 3 | കരാറുകാരൻ - | കോസ്റ്റ് ഫോർഡ്, തൃശ്ശൂർ (6 മാസം) |
| 4 | സാങ്കേതികാനുമതി | 101/2021-22 /22.03.2022-2849500രൂപ |
| 5 | എഗ്രിമെന്റ് നം.: | 056/2021-22dt 23.03..2022 |
| 6 | മുൻ വർഷങ്ങളിലെ പാർട്ട് ബിൽ | 437/31.03.22-569900 |
| 7 | തൻവർഷത്തെ ബിൽ / വൗച്ചർ നം.നം. | 90/13.09.22-390775 രൂപ<br>136/16.11.22-377601 രൂപ |
| 8 | എം.ബുക്ക് നം. | 3100 |
| 9 | പൂർത്തീകരിക്കേണ്ട തീയ്യതി: | 22.09.2022 |
| 10 | പൂർത്തീകരിച്ച തീയ്യതി | പൂർത്തീകരിച്ചിട്ടില്ല |
| 11 | ഈടാക്കേണ്ടത് (1%) | 23667 |
| 12 | ഈടാക്കിയത് | 0 |
| 13 | കുറവ് | 23667രൂപ |

എഗ്രീമെന്റ് ചെയ്ത തീയതിയിൽതന്നെ കരാറുകാർ സൈറ്റ് ഏറ്റെടുത്തിട്ടുണ്ട്. ഹാബിറ്റാറ്റ് ടെക്നോളജീസ്, നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാറുകളിലെ ഖണ്ഡിക 3 പ്രകാരം എഗ്രീമെന്റ് തീയതി/ മൊബലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയ തീയതി മുതൽ 3 മാസത്തിനകം പ്രവൃത്തി എല്ലാ അർത്ഥത്തിലും പൂർത്തീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സമയ ബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ നം.400768/DPP115/GPO/2022/1467/(1) തീയതി15.06.2022 പ്രകാരം ഹാബിറ്റാറ്റ് ടെക്നോളജീസ് ഗ്രൂപ്പിന് പ്രവൃത്തി പൂർത്തീകരിക്കാത്തതിനും, പിഴ ഈടാക്കുന്നതിനും കത്ത് നൽകിയിട്ടുണ്ട്. എന്നാൽ നിയമാനുസൃത പിഴ ഈടാക്കാതെ എല്ലാ പ്രവൃത്തികളും 11 മാസം കാലാവധി ദീർഘിപ്പിച്ചു നൽകുകയും 27.09.2022 ന് സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയും ചെയ്തിട്ടുണ്ട്.

കോസ്റ്റ് ഫോർഡ്, തൃശ്ശൂർ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാറുകളിലെ ഖണ്ഡിക 14 പ്രകാരം എഗ്രീമെന്റ് തീയതി മുതൽ 6 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്, എന്നാൽ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ കാലാവധി ദീർഘിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ, പിഴ ഈടാക്കി കാലാവധി ദീർഘിപ്പിച്ചു നൽകുകയോ, സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയോ ചെയ്തതായി കാണുന്നില്ല.

പൊതുമരാമത്ത് മാനുവലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി, അസ്സൽ കാലാവധിയുടെ 3 ഇരട്ടിയിലധികം സമയം പ്രവൃത്തി പൂർത്തീകരണത്തിന് ദീർഘിപ്പിച്ചു നൽകിയത് ക്രമവിരുദ്ധമാണ്. പ്രവൃത്തികൾ നാളിതുവരെയായി പൂർത്തീകരിച്ച് ഫൈനൽ ബിൽ സമർപ്പിച്ചിട്ടില്ല.

കരാറുകാരന്റേതായ കാരണത്തിന് പിഴ ഈടാക്കാതെ കാലാവധി ദീർഘിപ്പിച്ച് നൽകിയത് ക്രമപ്രകാരമല്ല.മതിയായ പിഴ ഈടാക്കാതെ പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിച്ചു നൽകിയതുമൂലം പിഴ ഇനത്തിൽ തനതുഫണ്ടിന് ആകെ 56029 രൂപ വരുമാന നഷ്ടവുമുണ്ടായി. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/27.11.2023) കരാറുകാർക്ക് പാർട്ട് ബിൽ നൽകിയപ്പോൾ റിട്ടെൻഷൻ തുക കുറച്ചാണ് നൽകിയിട്ടുള്ളതെന്നും, പിഴ തുക ഈടാക്കുന്നതുമാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷത്തിൽ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നം | 22/23 പഞ്ചായത്ത് ഓഫീസ് നവീകരണം (സ്പിൽ ഓവർ) | 21/23 പഞ്ചായത്ത് ഓഫീസ് കോംപ്ലക്സ് വിപുലീകരണം (സ്പിൽ ഓവർ) | 27/23 കുടുംബശ്രീ ജനകീയ സേവന കേന്ദ്രം പുതിയ കെട്ടിടം നിർമ്മാണം (സ്പിൽ ഓവർ) | 24/23 ചളവറ മാതൃകാ അങ്കണവാടി ഹൈടെക്ക് ആക്കുക | 26/23 ടേയ്ക്ക് എ ബ്രേക്ക് ശുചിത്വ കോംപ്ലക്സ് കയില്യാട് സെന്ററിൽ | 10/23 ടേയ്ക്ക് എ ബ്രേക്ക് ശുചിത്വ കോംപ്ലക്സ് കയില്യാട് കംപ്ലീഷൻ |
|---|---|---|---|---|---|---|
| അടങ്കൽ | 400000 രൂപ തനതുഫണ്ട് | 2466000 രൂപ CFC ഗ്രാന്റ് | 300000രൂപ വികസന ഫണ്ട് എസ്.സി.പി 732000രൂപ തനതുഫണ്ട് ആകെ 1032000 | 1205000 മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | സി.എഫ്.സി ഗ്രാന്റ് - 1849500 രൂപ ഒറ്റപ്പാലം ബ്ലോക്ക് വിഹിതം 1000000 രൂപ ആകെ 2849500 രൂപ | 815356രൂപ CFC ഗ്രാന്റ് മറ്റുള്ളവ 415400 ആകെ 1230756 |
| കരാറുകാരൻ | ഹാബിറ്റാറ്റ് ടെക്നോളജീസ്, തിരുവനന്തപുരം | | | | COSTFORD തൃശ്ശൂർ | COSTFORD തൃശ്ശൂർ |
| സാങ്കേതിക അനുമതി | 20/HTG /REPAB/PTH തീ.31.12.2021-400000രൂപ | 19/HTG/MA HA/PTH തീ.31.12.2021-2466000രൂപ | 02/HTG /JSB/PTH തീ.08.04.2022 -1032000രൂപ | 20/HTG/ MA HA/PTH തീ.31.12.2021-1205000രൂപ | 101/2021-22 തീ.22.03.2022 2849500രൂപ | 01/22-23തീ. 08.02.23 1230756രൂപ |
| എഗ്രിമെന്റ് നം. | No.PLAN/ 3/2022 Dt 13.01.2022 | PKD/A10/1/22 Dt 13.01.2022 | 11/2022 Dt 11.04.2022 | No.PLAN/ 2/2022 Dt 13.01.2022 | 056/2021-22 Dt 23.03.2022 | 034/22-23 തീ.15.02.23 |
| തൻവർഷത്തെ ചെലവ് | 197991 | 397727 | 497979 | 369877 | 768376 | 392640 |

സ.ഉ(കൈ)നം. 17/2018/ത.സ്വ.ഭ.വ തീയതി: 02.02.2018 പ്രകാരമുള്ള 13-ാം പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 3.5.1(3) I, സ.ഉ(കൈ)നം. 84/2022/ത.സ്വ.ഭ.വ തീയതി: 19.04.2022 പ്രകാരമുള്ള 14-ാം പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 3.5.1(2) I എന്നിവ പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ പ്രോജക്ട് തയ്യാറാക്കി നിർവ്വഹണം നടത്തേണ്ട ചുമതല എഞ്ചിനീയറിംഗ് വിഭാഗത്തിനാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഖണ്ഡിക 3.5.1(3) V1 പ്രകാരം ചുമതലപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരുടെ അഭാവത്തിൽ തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറിക്കോ, വൈദഗ്ധ്യമേഖല കണക്കിലെടുത്ത് മറ്റു അനുയോജ്യരായ ഉദ്യോഗസ്ഥർക്കോ, പ്രോജക്ടുകളുടെ ചുമതല ഭരണ സമിതി തീരുമാന പ്രകാരം നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സേവനം ലഭ്യമായിരിക്കെ, സെക്രട്ടറി മേൽ പ്രൊജക്ടിന്റെ നിർവ്വഹണം നടത്തിയത് ക്രമപ്രകാരമല്ല

അക്രഡിറ്റഡ് ഏജൻസി മാർഗ്ഗരേഖ സ.ഉ (പി) നം. 311/14/ഫിൻ/30.7.2014 ലെ ഖണ്ഡിക 1 ൽ " സ്വന്തമായി എഞ്ചിനീയറിങ് വിഭാഗമുള്ള സ്ഥാപനങ്ങൾക്ക് തങ്ങളുടെ എഞ്ചിനീയറിങ് വിഭാഗത്തിന് സാങ്കേതിക പരിജ്ഞാനം ഇല്ലാത്ത മേഖലയിലുള്ള പ്രവൃത്തികൾ സർക്കാറിന്റെ മുൻകൂർ അനുമതിയോടെ മാത്രം അക്രഡിറ്റഡ് ഏജൻസികളെ ഏല്പിക്കാവുന്നതാണ് " എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ജി.ഒ.(പി)നം. 95/2017/Fin തിയതി, 25.7.2017 ഉത്തരവിലെ ഖണ്ഡിക (3)3 പ്രകാരം സാങ്കേതിക ആവശ്യകതകളും സെന്റേജ് ചാർജ് മുതലായവയും അടിസ്ഥാനമാക്കി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അക്രെഡിറ്റഡ് ഏജൻസികളിൽ നിന്നും ഒരു ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനായി ഭരണ വകുപ്പ് നീതിപൂർവ്വവും മത്സരാധിഷ്ഠിതവുമായ ബിഡ്ഡിംഗ് നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന വ്യവസ്ഥ ചെയ്യുന്നു.

സ.ഉ(കൈ)നം. 11/2018/ത.സ്വ.ഭ.വ തീയതി: 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 3.8.2 (9) Iv പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ മുഖേന നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ ധനവകുപ്പ് നിശ്ചയിച്ചിട്ടുള്ള നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

കൂടാതെ നം.ഡി.എ1/168/2021 ത.സ്വ.ഭ.വ തീ.07.08.2021, ഡി.എ1/56/2022 ത.സ്വ.ഭ.വ തീ.13.03.2022 എന്നീ സർക്കലറുകൾ പ്രകാരം നിർമ്മാണ പ്രവൃത്തികൾക്ക് അക്രഡിറ്റഡ് ഏജൻസികളെ ഏല്പിക്കുമ്പോൾ ധനവകുപ്പ് നിശ്ചയിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണെന്നും ഇത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ഉത്തരവാദിത്വമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മുൻകൂർ തുക കൈപ്പറ്റി 3 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്ന് എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്തിരുന്നുവെങ്കിലും നാളിതുവരെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. നിരവധി സ്കൂൾ കെട്ടിടങ്ങളും, അങ്കണ വാടികളും കമ്മ്യൂണിറ്റി ഹാളുകളും, വ്യവസായ കേന്ദ്രങ്ങളും നിർമ്മിച്ച് നൽകിയിട്ടുള്ള എഞ്ചിനീയറിങ് വിഭാഗമുള്ള പഞ്ചായത്ത് മേൽ നിർമ്മാണ പ്രവൃത്തികൾക്ക് അക്രഡിറ്റഡ് ഏജൻസികളെ ഏല്പിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/27.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

*പൊതു മരാമത്ത് മാന്വൽ, പദ്ധതി മാർഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിച്ച് മാത്രം പ്രവൃത്തികൾ നിർവ്വഹിക്കേണ്ടതാണ്

* പ്രവൃത്തികളുടെ സമയബന്ധിത പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

## 1-25 സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികളുടെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

ചളവറ ഗ്രാമപഞ്ചായത്തിന്റെ 2022-23വർഷത്തെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ , ഓഡിറ്റ് 22.11.2023 ന് ആരംഭിക്കുകയും ഓഡിറ്റിന് പരിശോധനയ്ക്ക് രേഖകൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നം. 01/22.11.2023 പ്രകാരം ജനറൽ റിക്വിസിഷൻ നൽകുകയും ചെയ്തിരുന്നു. 29.11.2023വരെ സെക്രട്ടറി നിർവഹണം നടത്തിയ താഴെപറയുന്ന പദ്ധതികളുടെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ (രൂപ) | സൂലേഖ പത്രിക പ്രകാരം ചെലവ് (രൂപ) | ബിൽ നം.തീയതി |
|---|---|---|---|---|
| 1 | 191/23 പഞ്ചായത്ത് തല ബാല കലോത്സവം (തനതു ഫണ്ട്) | 25000 | 17495 | 459/3103.23 9475<br>460/31.03.23-840<br>461/31.03.23- 7180 |
| 2 | 25/23 ജലനിധി പദ്ധതികളുടെ പുനരുദ്ധാരണം (CFC ഗ്രാന്റ്) | 132135 | 132135 | 441/31.03.23- 132135 |
| 3 | 125/23 കേരളോത്സവം (തനതു ഫണ്ട്) | 150000 | 91354 | 218/25.01.23- 9520<br>271/28.02.23- 81834 |
| | | ആകെ | 240984 | |

രേഖകൾ ഹാജരാക്കാത്ത പക്ഷം 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 11-ാം വകുപ്പ്, 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(1),12(2) എന്നിവ പ്രകാരം മേൽ ചെലവിനാസ്പദമായ രേഖകൾ നിലവിലില്ല എന്ന അനുമാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (32/29.11.2023) പ്രസ്തുത പ്രോജക്ടുകളുടെ ബില്ലുകൾ ILGMS സോഫ്റ്റ്വെയർ മുഖാന്തിരം തയ്യാറാക്കിയതാണെന്നും, പഞ്ചായത്ത് ഓഫീസ് നവീകരണത്തിന്റെ ഭാഗമായി ഫയലുകൾ മാറ്റിയപ്പോൾ മിസ് പ്ലേസ് ആയതാണെന്നും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ചെലവിനാസ്പദമായ രേഖകളുടെ അഭാവത്താൽ 240984 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

**1-26 ആയുർവേദ ആശുപത്രിക്ക് മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല.**

മെഡിക്കൽ ഓഫീസർ ആയുർവേദ ഡിസ്പെൻസറി നിർവ്വഹണം നടത്തിയ മരുന്ന വാങ്ങൽ പദ്ധതിയ്ക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ്നമ്പർ / പേര് | 258/2022-23<br>ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| അടങ്കൽ | 544355/-മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | 544355/- |
| ബിൽ നം തിയ്യതി | 5/23, തിയതി:27/02/2023<br>544355/-രൂപ. |

544355/-രൂപ. രൂപ Pattiam Service Society യുടെ 027602000010141 നമ്പർ അക്കൗണ്ടിലേക്ക് മുൻകൂർ നൽകിയിട്ടുണ്ട്. ലഭ്യമായ മരുന്നിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നമ്പർ | ലഭിച്ച മരുന്നിന്റെ വില (രൂപ) |
|---|---|
| 194/04.08.2023 | 39274 |
| 53/19.05.2023 | 65775 |
| 12/17.04.2023 | 104121 |
| 578/14.03.2023 | 322753 |
| | **531923** |

**12432/-** രൂപയുടെ മരുന്നുകൾ ഇനി ലഭിക്കാനുണ്ട്.

2) ആയുർവേദ ഡിസ്പെൻസറിയിലേക്ക് കൺടിജന്റ് ചെലവുകൾക്കായി 100000 രൂപ നൽകിയതിൽ 17939 രൂപയുടെ ചെലവ് ( ബിൽ നം:8/23 തിയതി:22.03.2023) ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 7/24.11.2023 -ന് മറുപടിയായി Pattiam Service Society എന്ന സ്ഥാപനത്തിലേക്ക് ബന്ധപ്പെട്ടപ്പോൾ മരുന്നുകൾ ഉടൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന് അറിയിച്ചു. കൂടാതെ കൺടിജന്റ് ചെലവിൽ ക്യാഷ് ബുക്കിൽ രേഖപ്പെടുത്താത്തത് ക്ലറിക്കൽ മിസ്റ്റേക്കായി കണക്കാക്കണമെന്നും അറിയിച്ചു.

**ഓഡിറ്റ് നിർദ്ദേശം**

1.അവശേഷിക്കുന്ന മരുന്നുകൾ ഉടൻ ലഭ്യമാക്കി ഓഡിറ്റിന് അറിയിക്കേണ്ടതാണ്.

2.ക്യാഷ് ബുക്കിൽ രേഖപ്പെടുത്താത്ത ചെലവുകൾ രേഖപ്പെടുത്തി ക്യാഷ് ബുക്ക് പൊരുത്തപ്പെടുത്തി അറിയിക്കേണ്ടതാണ്.

**1-27 ഹോമിയോ ആശുപത്രിക്ക് മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല.**

മെഡിക്കൽ ഓഫീസർ ഹോമിയോ ഡിസ്പെൻസറി നിർവ്വഹണം നടത്തിയ മരുന്ന വാങ്ങൽ പദ്ധതിയ്ക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ്നമ്പർ / പേര് | 86/2022-23<br>ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| അടങ്കൽ | 400000/-മെയിന്റനൻസ് ഫണ്ട് (റോഡിതരം) |

| | |
|---|---|
| ചെലവ് | 400000/- |
| ബിൽ നം തിയ്യതി | 2/23, തിയതി:23/01/2023<br>400000/-രൂപ. |

400000/-രൂപ. രൂപ Kerala State Homoeopathic Co-Operative Pharmacy Ltd, Alappuzha യുടെ 34306403911നമ്പർ അക്കൗണ്ടിലേക്ക് മുൻകൂർ നൽകിയിട്ടുണ്ട്. ലഭ്യമായ മരുന്നിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നമ്പർ | ലഭിച്ച മരുന്നിന്റെ വില (രൂപ) |
|---|---|
| LF-1088/22.08.2023 | 113765/- |
| | **Total: 113765** |

**286235/-** രൂപയുടെ മരുന്നുകൾ ഇനി ലഭിക്കാനുണ്ട്.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 8/24.11.2023 -ന് മറുപടിയായി Kerala State Homoeopathic Co-Operative Pharmacy എന്ന സ്ഥാപനത്തിലേക്ക് നേരിട്ട് ഫോൺ വഴിയും ഡെസ്പാച്ച് വഴിയും ബന്ധപ്പെട്ട് മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചതായി അറിയിച്ചു.

**ഓഡിറ്റ് നിർദ്ദേശം**

- ഹോംകോയിൽ നിന്ന് ലഭിക്കാനുള്ള ബാക്കി മരുന്നുകൾ ഉടൻ ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-28 മെഡിക്കൽ ഓഫീസർ സി.എച്ച്.സി TR 7Aക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് )ചട്ടങ്ങളിലെ ചട്ടം 16(1) പ്രകാരം എല്ലാ നിർവഹണ ഉദ്യോഗസ്ഥരും TR-7A ഫോറത്തിലുള്ള ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതും എല്ലാ സ്രോതസ്സിൽ നിന്നുമുള്ള പണം വരവും പണം നൽകലും രേഖപ്പെടുത്തേണ്ടതുമാണ്. കൂടാതെ ഓരോ പഞ്ചായത്തിനേയും സംബന്ധിച്ച ഇടപാടുകൾ രേഖപ്പെടുത്തുവാൻ പ്രത്യേകം സബ്സിഡിയറി രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്.

2022-23 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ സി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികൾ പരിശോധിക്കുന്നതിന്റെ ഭാഗമായി പാലിയേറ്റീവ് പരിപാലനം, ഹെൽത്ത് ഗ്രാന്റ് എന്നീ പദ്ധതികൾക്കായി **736853/-** രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തുന്നതിന് TR 7A ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.
ഓഡിറ്റ് അന്വേഷണം നം.9/24-11-2023 ന് മറുപടിയിൽ 2022-23 സാമ്പത്തിക വർഷത്തെ ക്യാഷ് ബുക്ക് മെഡിക്കൽ ഓഫീസർ ഒപ്പുവച്ച് ഹാജരാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-29 ലൈഫ് ഭവന നിർമ്മാണം- പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ രജിസ്റ്ററുകൾ പ്രകാരം മുൻ വർഷങ്ങളിൽ എഗ്രിമെന്റ് വച്ച് ഭവന നിർമ്മാണം ആരംഭിക്കുകയും നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതുമായ ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നിർമ്മാണം ആരംഭിച്ച വർഷം | കൈപ്പറ്റിയ തുക | അവസാനമായി തുക കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 1 | മല്ലിക W/o ചന്ദ്രൻ, മുണ്ടൻകാട്ടുപറമ്പിൽ | 2019-20 | 325103 | 21-12-2022 |
| 2 | സാവിത്രി, കുറിശ്ശിപറമ്പിൽ | 2019-20 | 200000 | 25-03-2020 |

| | | | | |
|---|---|---|---|---|
| 3 | അനിത W/o രാജകുമാരൻ, പരിയംതൊടി | 2020-21 | 300000 | - |
| 4 | ലക്ഷ്മി.എ, ആലങ്ങോട്ടിൽ | 2020-21 | 300000 | - |
| 5 | രമ്യ W/o ശിവദാസൻ, കയിലിയാട് | 2020-21 | 200000 | 13-08-2021 |
| 6 | രാധിക W/o ജയൻ, മാപ്പിളത്തൊടി | 2021-22 | 300000 | - |
| 7 | രാധ , കരിമ്പനത്തോട്ടത്തിൽ | 2020-21 | 360000 | 26-12-22 |
| 8 | പ്രവിത W/o ഷാജി, കയിലിയാട് | 2020-21 | 360000 | 28-12-22 |
| 9 | ചക്കി, നടുത്തൊടിപ്പറമ്പിൽ | 2021-22 | 300000 | 26-10-23 |

മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി, നിർമ്മാണം പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.15/27-11-23) മറുപടിയിൽ പട്ടികയിലെ ക്രമ നം. 1, 6, 7, 8, 9 പ്രകാരമുള്ള ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം മേൽക്കൂര വരെ പൂർത്തിയായിട്ടുണ്ടെന്നും ഉടൻ നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ക്രമ നം. 2, 3, 4, 5 എന്നീ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം ലിന്റൽ ലെവൽ വരെ പൂർത്തിയായിട്ടുള്ളതായും നിർമ്മാണം പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.

## 1-30 ലൈഫ് ഭവന നിർമ്മാണം- ഗുണഭോക്താവ് തിരിച്ചടച്ച തുക സർക്കാരിലേക്ക് അടവാക്കേണ്ടതാണ്

പ്രോജക്ട് നം. 201/23, ലൈഫ് ഭവന നിർമ്മാണം എസ്.സി എന്ന പ്രോജക്ടിൽ

ഉൾപ്പെടുത്തി ബിൽ നമ്പർ - 12/31-10-22 പ്രകാരം ശകുന്തള, കരടിക്കുന്നത്ത് വീട് എന്ന ഗുണഭോക്താവിന് ആദ്യ ഗഡു ആയി 40000 രൂപ ( വികസന ഫണ്ട് എസ്.സി.പി) അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താവ് തുക തിരിച്ചടച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുക തിരിച്ചടച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നം. 15/27-11-23 മുഖേന ആവശ്യപ്പെട്ടതിന് ഗുണഭോക്താവ് രസീത് നമ്പർ 1220202836/02-12-22 പ്രകാരം തിരിച്ചടച്ച തുക നിലവിൽ തനത് ഫണ്ടിലാണുള്ളതെന്നും തുക സർക്കാരിലേക്ക് അടവാക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ കത്ത് നല്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.
തുക സർക്കാരിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-31 പി.വി.സി വാട്ടർ ടാങ്ക് വിതരണം- ഗുണഭോക്തൃവിഹിതം ചെലവഴിച്ചിട്ടില്ല.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടികജാതി കുടുംബങ്ങൾക്ക് പി.വി.സി 500 ലിറ്ററിന്റെ പി.വി.സി വാട്ടർ ടാങ്ക് വിതരണം ചെയ്യുന്നതിന് താഴെ പറയുന്നപ്രകാരം രണ്ട് പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| | | |
|---|---|---|
| പ്രോജക്ട് | 231/23പി.വി.സി വാട്ടർ ടാങ്ക് -എസ്.സി | 251/23 പട്ടികജാതി കുടുംബങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്ക് |
| അടങ്കൽ | വികസന ഫണ്ട് എസ്.സി.പി- 595875 രൂപ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് 383100 |
| | തനതുഫണ്ട് - 4125 രൂപ | തനതുഫണ്ട് - 900രൂപ |
| | ഗുണഭോക്തൃവിഹിതം- 200000 രൂപ | ഗുണഭോക്തൃവിഹിതം- 128000 രൂപ |
| | ആകെ 800000 രൂപ | ആകെ 512000 രൂപ |
| ചെലവ് | 595875 രൂപ വി.ഫ, 3505 രൂപ തനതു ഫണ്ട് ആകെ 599380രൂപ | 334180രൂപ സി.എഫ്.സി |
| ബിൽ/ വൌച്ചർ നം. | 21/24.02.2023-209760രൂപ<br>20/24.02.23-215840 രൂപ<br>22/24.02.23- 170275 രൂപ<br>363/24.03.23- 3505 രൂപ<br>ആകെ 599380 രൂപ | 364/24.03.23-334180രൂപ |
| സപ്ലയർ | പ്രീമീയർ പോളിമേഴ്സ് പല്ലടം, തിരുപ്പൂർ തമിഴ് നാട് | പ്രീമീയർ പോളിമേഴ്സ് പല്ലടം, തിരുപ്പൂർ തമിഴ് നാട് |

ഗുണഭോക്തൃവിഹിതം ഗ്രാമപഞ്ചായത്തിൽ നേരിട്ട് അടവാക്കുന്നതായാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. പ്രീമീയർ പോളിമേഴ്സ് പല്ലടം, തിരുപ്പൂർ തമിഴ് നാടിന്റെ, ഒരു ടാങ്കിന് 3038 രൂപ എന്ന നിരക്ക് അംഗീകരിക്കുകയും, ഗുണഭോക്തൃവിഹിതം 760 രൂപ (25%) നിരക്കിൽ 311600രൂപ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും, സപ്ലയർക്ക് ആയത് നൽകിയിട്ടില്ല. രണ്ട് പ്രോജക്ടിലുമായി ആകെ 410 ടാങ്കുകൾ വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്തൃവിഹിതം ചെലവഴിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.03/23.11.2023) സാമ്പത്തിക വർഷം അവസാനിക്കാറായതിനാൽ തുക അടവാക്കിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് ക്രോഡീകരിക്കാൻ കഴിയാതിരുന്നതിനാലാണ് കരാറുകാരന് ഗുണഭോക്തൃവിഹിതം നൽകാതിരുന്നത്. പ്രസ്തുത തുക നൽകുന്നതിന് 2023-24 വർഷത്തേക്ക് പ്രൊജക്ട് സ്പിൽ ഓവർ ആക്കിയിട്ടുണ്ടെന്നും, തുക നൽകുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

പ്രവൃത്തികളുടെ സമയ ബന്ധിത പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

## 1-32 എസ്.സി. മിശ്രവിവാഹിതർക്ക് വിവാഹ ധന സഹായം- മാർഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ, എസ്.സി മിശ്ര വിവാഹിതർക്ക് വിവാഹ ധനസഹായം എന്ന പ്രോജക്ടിൽ 3 ഗുണഭോക്താക്കൾക്ക് 75000 രൂപ വീതം നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ വിശദവിവരം ചുവടെചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | 136/23 എസ്.സി മിശ്ര വിവാഹിതർക്ക് വിവാഹ ധനസഹായം |
| അടങ്കൽ | 225000 രൂപ വികസന ഫണ്ട് എസ്.സി.പി |
| ചെലവ് | 225000രൂപ |
| ബിൽ/ വൗച്ചർ നം. | 19/24.02.2023-225000രൂപ |

സ.ഉ (കൈ)നം.115/2022/ത.സ്വ.ഭ.വ തീ 28.05.2022 പ്രകാരം പുറപ്പെടുവിച്ച 14-ാം പഞ്ചവത്സര പദ്ധതി യുടെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 7.2.2 പ്രകാരം ദമ്പതികളിൽ ഒരാൾ പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ട മിശ്ര വിവാഹിതർക്ക് 75000 രൂപ നിരക്കിൽ ഗ്രാമപഞ്ചായത്തുകൾക്കും, നഗരഭരണ സ്ഥാപനങ്ങൾക്കും ധന സഹായം നൽകാവുന്നതാണ്. വിവാഹം കഴിഞ്ഞ് ഒരുവർഷത്തിന്

ശേഷമാണ് ധന സഹായത്തിന് അപേക്ഷ നൽകേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. താഴെ പറയുന്ന ഗുണഭോക്താക്കളുടെ വിവാഹത്തിന് ശേഷം നിരവധി വർഷങ്ങൾ കഴിഞ്ഞ് ആണ് ആനുകൂല്യത്തിന് അപേക്ഷ നൽകിയിരിക്കുന്നത്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വിവാഹം കഴിഞ്ഞ തീയതി | അപേക്ഷിച്ചത് | അക്കൌണ്ട് നം |
|---|---|---|---|---|
| 1 | സരോജിനി W/o സാജൻ കുഞ്ഞുളം പറമ്പ് ചളവറ | 10.11.2008 | 30.12.2022 | 1677108017026 |
| 2 | ദിവ്യ. എ.പി W/o സജിത്ത് കണക്കന്മാർ തൊടി ചളവറ | 29.10.2018 | അപേക്ഷയിൽ തീയതി ഇല്ല അനുബന്ധ സർട്ടിഫിക്കറ്റുകൾ 29.10.2022 ന് ലഭിച്ചവയാണ് | 20330100054599 |
| 3 | വിനോദ് ആലാച്ചിയിൽ ചളവറ | 27.12.2020 | അപേക്ഷയിൽ തീയതി ഇല്ല അനുബന്ധ സർട്ടിഫിക്കറ്റുകൾ 13.02.2023ന് ലഭിച്ചവയാണ് | 1677108016950 |

14.02.20218 ലെ സ.ഉ.(കൈ) നം.22/2018/ത.സ്വ.ഭ.വ പ്രകാരമുള്ള 13-ാം പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 7.2.2 പ്രകാരം പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ട മിശ്ര വിവാഹിതർക്ക് 75000 രൂപ വീതം ആനുകൂല്യം നൽകാവുന്നതും, വിവാഹത്തിന് 15 ദിവസം മുൻപോ, വിവാഹം കഴിഞ്ഞ് 90 ദിവസത്തിനകമോ അപേക്ഷിച്ചിരിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ക്രമനമ്പർ 2, 3 എന്നീ ഗുണഭോക്താക്കൾക്ക് മുൻവർഷങ്ങളിൽ ആനുകൂല്യങ്ങൾ നൽകാതിരുന്നതിന് കാരണം വ്യക്തമാക്കിയിട്ടില്ല. 14-ാം പദ്ധതിയുടെ സബ്സിഡി മാർഗരേഖ 01.04.2022 മുതലാണ് പ്രാബല്യമുള്ളത്. മാർഗരേഖ പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുള്ള കാലയളവിന് മുൻപ് വിവാഹം കഴിഞ്ഞ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.02/24.11.2023) 2022-23 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആദ്യമായാണ് എസ്.സി മിശ്രവിവാഹിതർക്ക് വിവാഹ ധനസഹായം എന്ന പ്രോജക്ട് ഏറ്റെടുത്തത്. സ.ഉ (കൈ)നം.115/2022/ത.സ്വ.ഭ.വ തീ 28.05.2022 പ്രകാരം സബ്സിഡി മാർഗരേഖയിൽ അപേക്ഷയുടെ കാലപരിധി വ്യക്തമാക്കിയിട്ടില്ലാത്തതിനാലാണ് വിവാഹം കഴിഞ്ഞ് ഒരു വർഷത്തിന് ശേഷം അപേക്ഷിച്ചവർക്ക് ഖണ്ഡിക 7.2.2 പ്രകാരം അനുവദിനീയ 75000 രൂപ നൽകിയതെന്നും, ഗുണഭോക്താക്കൾക്ക് മുൻവർഷങ്ങളിൽ ആനുകൂല്യം നൽകിയിട്ടില്ല എന്ന് പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

പദ്ധതി മാർഗരേഖ, സബ്സിഡി മാർഗരേഖ എന്നിവയിലെ നിർദ്ദശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-33 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മേശയും കസേരയും നൽകൽ - പ്രൊക്യൂർമെന്റ് മാർഗരേഖ പാലിച്ചില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മേശയും കസേരയും വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്ടിന്റെ വിശദവിവരം ചുവടെചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | 124/23 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മേശയും കസേരയും |
| അടങ്കൽ | 600000 രൂപ വികസന ഫണ്ട് എസ്.സി.പി |
| ചെലവ് | 598408രൂപ |
| ബിൽ/ വൌച്ചർ നം. | 15/08.02.2023-311172രൂപ<br>16/08.02.2023-287236രൂപ |
| സപ്ലെയർ | കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്(KADCO) |
| ഇൻവോയ്സ് നം. | NRO/22-23/422/31.01.23-287236രൂപ (60എണ്ണം)<br>NRO/22-23/424/01.02.23-311172രൂപ (65 എണ്ണം) |

15.12.2023 ലെ 9(1) നം.ഭരണസമിതി തീരുമാന പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മേശയും കസേരയും എന്ന പ്രൊജക്ടിൽ നിർവ്വഹണ ഏജൻസിയായി സുലേഖ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുള്ളത് സിഡ്കോ ആണ് ഗുണമേന്മയുള്ള സാധനങ്ങൾ സപ്ലൈ ചെയ്യുന്ന ഏജൻസി എന്ന നിലയിൽ നിർവ്വഹണ ഏജൻസി KADCO മുഖേനെ വാങ്ങുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി.

KADCOയിൽ നിന്ന് സ്റ്റീൽ ടേബിൾ 3443.24 രൂപ, സ്റ്റീൽ കസേര 1344.02 രൂപ എന്നീ നിരക്കിൽ വാങ്ങുന്നതിന് തീരുമാനിക്കുകയും 23.01.2023 ന് കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. 125 എണ്ണം വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ജി.ഓ(പി)നം.104/2022/ഫിൻ തീ 02.09.2022 പ്രകാരമുള്ള അക്രഡിറ്റഡ് ഏജൻസികളുടെ അനുമതി ഉത്തരവിലെ അനക്സർ പ്രകാരം Interior Furnishing Works, Modernisation Works Of Labs, Educational Institution Works As Non-PMC എന്ന നിലയിൽ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനാണ് KADCO വിന് അനുമതിയുള്ളത്.

സ.ഉ (കൈ)നം.115/2022/ത.സ്വ.ഭ.വ തീ 28.05.2022 പ്രകാരം പുറപ്പെടുവിച്ച 14-ാം പഞ്ചവത്സര പദ്ധതി യുടെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.20പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടി ക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.2010പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ വാങ്ങലിന്റെ ആവശ്യം തിരിച്ചറിഞ്ഞ് സ്പെസിഫിക്കേഷൻ തയ്യാറാക്കേണ്ടതും ആയത് പ്രകാരം വാങ്ങൽ പദ്ധതി അന്തിമമാക്കുകയും ചെയ്യേണ്ടതിന്റെ പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ്.

സ.ഉ(എം.എസ്)നം.13/2015/ITD/തീ.12.05.2015 പ്രകാരം എല്ലാ സർക്കാർ വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും, സ്വയംഭരണ സ്ഥാപനങ്ങൾക്കും 5 ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകൾക്ക് ഇ-ടെണ്ടർ നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ ഇ-ടെണ്ടർ സാധ്യത പരിശോധിച്ചിട്ടില്ല.

സ.ഉ(പി)നം.07/2019/SPD തിയതി 26-04-2019 പ്രകാരം 25000 രൂപയ്ക്കു മുകളിലുള്ള വാങ്ങലുകൾ (കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെ) നടത്തുമ്പോൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ GeM (Government E Marketplace) ൽ സാധനങ്ങൾ ലഭ്യമാണോ എന്ന് പരിശോധിക്കേണ്ടതും GeM ൽ ലഭ്യമായവ GeM മുഖേന നിർബന്ധമായും വാങ്ങേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ GeM ൽ പരിശോധന നടത്തിയതായി കാണുന്നില്ല

ജി.ഒ.(പി)നം. 95/2017/Fin തിയതി, 25.7.2017 ഉത്തരവിലെ ഖണ്ഡിക (3)3 പ്രകാരം സാങ്കേതിക ആവശ്യകതകളും സെന്റേജ് ചാർജ് മുതലായവയും അടിസ്ഥാനമാക്കി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അക്രെഡിറ്റഡ് ഏജൻസികളിൽ നിന്നും ഒരു ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനായി ഭരണ വകുപ്പ് നീതിപൂർവ്വവും മത്സരാധിഷ്ഠിതവുമായ ബിഡ്ഡിംഗ് നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന വ്യവസ്ഥ ചെയ്യുന്നു.

സ.ഉ (കൈ)നം.84/2022/ത.സ്വ.ഭ.വ തീ 19.04.2022 പ്രകാരം പുറപ്പെടുവിച്ച 14-ാം പഞ്ചവത്സര പദ്ധതി

യുടെ പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 12.2(സി) പ്രകാരം പ്രവൃത്തികൾക്ക് അക്രഡിറ്റഡ് ഏജൻസികളെ ഏല്പിക്കുമ്പോൾ ധനകാര്യ വകുപ്പിന്റെ ഉത്തരവുകൾ കർശനമായി പാലിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അംഗീകൃത ഏജൻസികളിൽ നിന്നു മാത്രം ഓഫർ ക്ഷണിക്കുന്നതിന് 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിലും 2010 ലെ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലും വ്യവസ്ഥ ചെയ്തിട്ടില്ല .

പ്രൊക്യൂർമെന്റ് മാർഗരേഖ, സബ്സിഡി മാർഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രൊജക്ട് നിർവ്വഹണം നടത്തിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.04/24.11.2023) ജി.ഓ(പി)നം.104/2022/ഫിൻ തീ 02.09.2022 പ്രകാരമുള്ള അക്രഡിറ്റഡ് ഏജൻസികളുടെ അനുമതി ഉത്തരവ് പുതുക്കിയതിന്റെ അടിസ്ഥാനത്തിൽ, സ.ഉ(ആർ ടി)നം.59/2017/SPD തിയതി 20.10.2017 പ്രകാരം ടെണ്ടർ നടപടികൾ കൂടാതെ KADCO യിൽനിന്ന് വാങ്ങലുകൾ നടത്തിയിട്ടുള്ളത്, ആയതിന് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരം നൽകിയിട്ടുണ്ട്. എന്ന് മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദശങ്ങൾ

* വാങ്ങലുകൾക്ക് പ്രൊക്യൂർമെന്റ് മാർഗരേഖ, സബ്സിഡി മാർഗരേഖ എന്നിവ കർശനമായി പാലിക്കേണ്ടതാണ്.

## 1-34 എ ബി സി പദ്ധതി- വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് | നം.235/23, എ ബി സി പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ, ഫണ്ടിനം | ₹150000 ( വികസന ഫണ്ട് ജനറൽ) |
| ചെലവ് | ₹150000 - വികസന ഫണ്ട് ജനറൽ |
| ബിൽ നം./ തീയതി | 02/17-01-23 |

മേൽ പ്രോജക്ട് പ്രകാരം എ ബി സി പദ്ധതിയ്ക്കായി 150000 രൂപ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. (A/c No. 799011400002200). തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.33/29-11-23) വിനിയോഗ സാക്ഷ്യപത്രത്തിനായി അപേക്ഷിച്ചിട്ടുണ്ടെന്നും ലഭ്യമാകുന്നമുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-35 ഹരിതകർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തൽ

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിതകർമ്മ സേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മസേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്.
സ.ഉ(സാധാ)നം.306/2019/തസ്വഭവ തിയതി 12-02-2019 പ്രകാരം എം.സി.എഫ് (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി), ആർ.ആർ.എഫ് എന്നിവ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം 47.43 ച.മീ വിസ്തൃതിയുള്ള എം.സി.എഫ് ന് 775000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആവശ്യമെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് എസ്റ്റിമേറ്റ്, പ്ലാൻ എന്നിവയിൽ ഭേദഗതി വരുത്താമെന്നും സർക്കാർ നിർദേശിച്ചിട്ടുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പ്രകാരം അജൈവ പാഴ്വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ മിനി

എം.സി.എഫുകൾ വാർഡ് തലത്തിലും തദ്ദേശ സ്ഥാപനതലത്തിലും (1000 ച.മീറ്ററിൽ കുറയാത്ത എം.സി.എഫ് ) നിർമ്മിക്കുകയോ വാടകയ്ക്ക് ഏർപ്പെടുത്തുകയോ ചെയ്യേണ്ടതാണ്.

**ഗ്രാമപഞ്ചായത്തിലെ എം.സി.എഫ് സംവിധാനം**

3-ാം വാർഡായ പുളിന്തറയിലുള്ള ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച സ്ത്രീ ശക്തികേന്ദ്രം എന്ന കെട്ടിടമാണ് നിലവിൽ ഹരിതകർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യം ചാക്കുകളിലാക്കി സൂക്ഷിക്കുന്നതിനുള്ള എം.സി.എഫ് ആയി ഉപയോഗപ്പെടുത്തുന്നത്. പ്രസ്തുത കെട്ടിടത്തിൽ സ്ഥലസൗകര്യവും അടിസ്ഥാന സൗകര്യങ്ങളും വളരെ പരിമിതമാണെന്ന് ഓഡിറ്റ് ടീം 29-11-23 ൽ നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. ശേഖരിക്കുന്ന മാലിന്യം തരംതിരിക്കുന്നതിനുള്ള സൗകര്യം പ്രസ്തുത കെട്ടിടത്തിലില്ല.




എംസിഎഫ് കെട്ടിടം

ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് നിർമ്മിക്കുന്ന ആർ.ആർ.എഫ് കെട്ടിടം ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡിൽ ആണെന്നും ആയത് പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് നിലവിലെ എം.സി.എഫ് കെട്ടിടം ഒഴിവാക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണം നമ്പർ 34/29-11-23 ന് മറുപടിയായി അറിയിച്ചിട്ടുണ്ട്.

**ഹരിതകർമ്മസേനയുടെ പ്രവർത്തനം**

ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയിൽ 15 വാർഡുകളിലായി 30 അംഗങ്ങളാണ് ഉള്ളത്. യൂസർ ഫീ ഇനത്തിൽ ലഭിക്കുന്ന തുകയിൽ നിന്നാണ് സേനാംഗങ്ങളുടെ വേതനം കണ്ടെത്തുന്നത്. കൂടാതെ 2022-23 വർഷത്തിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് ആയി 359800 രൂപ അനുവദിച്ചിട്ടുണ്ട്.

സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ അനുസരിച്ച് ഗ്രാമപഞ്ചായത്തിൽ 23.06.2022 ലെ PAN/8550/2022-c3(DP) നം. ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ അംഗീകരിച്ചിട്ടുണ്ട്. വീടുകളിൽ നിന്നും പ്രതിമാസം 50 രൂപ നിരക്കിലും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും 100 രൂപ നിരക്കിലും യൂസർ ഫീയിനത്തിൽ ഈടാക്കി വരുന്നുണ്ട്. ഏകദേശം 6000 വീടുകളും 300 വാണിജ്യ സ്ഥാപനങ്ങളും ഉള്ളതിൽ 50% വീടുകളിൽ നിന്നും കടകളിൽ നിന്നുമാണ് യൂസർ ഫീ ലഭ്യമാകുന്നത്. ഒക്ടോബർ 2023 ലെ യൂസർ ഫീ കളക്ഷൻ തുക 168940 രൂപയാണ്. നിലവിൽ യൂസർഫീ കളക്ഷനിൽ നിന്നും ഹരിതകർമ്മസോനാംഗങ്ങൾക്ക് പ്രതിദിനം 500 രൂപ നിരക്കിൽ വേതനം കണ്ടെത്താൻ കഴിയുന്നതായി അറിയിച്ചിട്ടുണ്ട്.

**ഹരിതകർമ്മസേനയുടെ അക്കൗണ്ട് നീക്കിയിരിപ്പ്**

ഹരിത കർമ്മസേനയുടെ പേരിൽ കനറാ ബാങ്ക് ചളവറ ബ്രാഞ്ചിലെ അക്കൗണ്ടിൽ (അക്കൗണ്ട് നം.1677101022285) 25-11-2023 ലെ നീക്കിയിരിപ്പ് 178512 രൂപയാണ്.

**ഹരിതമിത്രം സ്മാർട്ട് ഗാർബേജ് സിസ്റ്റം**

സ്മാർട്ട് ഗാർബേജ് സിസ്റ്റം നടപ്പിലാക്കുന്നതിനായി 2023-24 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ടെന്നും നിലവിൽ 1155 വീടുകളിലും 55 സ്ഥാപനങ്ങളിലും ക്യൂ.ആർ കോഡ്

പതിപ്പിച്ചുകഴിഞ്ഞതായും അറിയിച്ചിട്ടുണ്ട്.

**മാലിന്യം കയ്യൊഴിക്കൽ**

ഗ്രാമപഞ്ചായത്തിലെ അജൈവമാലിന്യം കൊണ്ടുപോകുന്നത് Eco World, വണ്ടൂർ, മലപ്പുറം എന്ന സ്വകാര്യ സ്ഥാപനമാണ്. നിലവിൽ എം.സി.എഫിൽ മാലിന്യം തരംതിരിക്കുന്നതിന് സൗകര്യം ഇല്ലാത്തതിനാൽ തരംതിരിക്കാത്ത മാലിന്യം സ്ഥാപനത്തിന് നൽകുകയും സ്ഥാപനം കിലോഗ്രാമിന് 1.30 രൂപ നിരക്കിൽ ഗ്രാമപഞ്ചായത്തിന് നൽകുകയും ചെയ്യുന്നുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 7583 രൂപ ഈയിനത്തിൽ ലഭ്യമായിട്ടുണ്ട്.

**ഹരിത സഹായ സ്ഥാപനത്തിന്റെ സേവനം**

ഗ്രാമപഞ്ചായത്തിന്റെ ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി IRTC മുണ്ടൂർ എന്ന സ്ഥാപനത്തെ ഹരിതസഹായ സ്ഥാപനമായി നിശ്ചയിച്ചുകൊണ്ട് IRTC യുമായി 27-06-22 ന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. തൻവർഷം പ്രസ്തുത സ്ഥാപനത്തിന് കൺസൾട്ടിംഗ് ഫീ ആയി 76213 രൂപ ചെലവഴിച്ചിട്ടുണ്ട്. ഹരിത സഹായ സ്ഥാപനത്തിന്റെ സേവനം യഥാസമയം ലഭ്യമാകുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**ഹരിതകർമ്മസേനയ്ക്ക് വാഹനം**

മാലിന്യങ്ങൾ ശേഖരിച്ച് സംഭരണ സ്ഥലത്ത് എത്തിക്കുന്നതിനായി ഹരിതകർമ്മസേനയ്ക്ക് സ്വന്തമായി വാഹനം ഇല്ല. തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് വാഹനം വാടകയ്ക്കെടുക്കുകയാണ് ചെയ്യുന്നത് എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചു.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യങ്ങളും കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. മാലിന്യം ശേഖരിക്കുന്നതിനായി ഹരിതകർമ്മസേനയ്ക്ക് സ്വന്തമായി വാഹനം വാങ്ങുന്നതിന് പ്രോജക്ട് ആവിഷ്കരിക്കാവുന്നതാണ്.

**1-36-1 ടേക്ക് എ ബ്രേക്ക്- ശുചിത്വ കോംപ്ലക്സുകൾ പൂർത്തീകരിച്ചിട്ടില്ല.**

സംസ്ഥാന സർക്കാറിന്റെ 12 ഇന പരിപാടിയുടെ ഭാഗമായി വൃത്തിയും, ശുചിത്വവും, സുരക്ഷിതവുമുള്ള ശുചിമുറികളും ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും ദേശീയ/സംസ്ഥാന പാതയോരങ്ങളിലും, പാതയോരങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങളുടെ പരിസരം, തദ്ദേശ സ്ഥാപനങ്ങളുടെ ഓഫീസ്, ബസ്സ്റ്റാന്റുകൾ എന്നിവിടങ്ങളിൽ നിർമ്മിക്കുന്നതിന് 2020-21 വർഷത്തെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ.ഉ(കൈ) നം.39/2020/ത.സ്വ.ഭ.വ തീ.20.02.2020, സ.ഉ(കൈ) നം.45/2020/ത.സ്വ.ഭ.വ തീ.06.03.2020, സ.ഉ(കൈ) നം.1401/2020/ത.സ്വ.ഭ.വ തീ.27.07.2020 എന്നിവ പ്രകാരം മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കയില്യാട് സെന്ററിൽ ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം നിർമ്മിക്കുന്നതിന് പ്രോജക്ട് രൂപീകരിച്ചിരുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കയില്യാട് സെന്ററിൽ COSTFORD തൃശ്ശൂർ എന്ന അക്രഡിറ്റഡ് ഏജൻസി മുഖാന്തരം നോൺ പി.എം.സി യായി 2021-22 വർഷത്തിൽ 2849500 രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി നിർമ്മാണം ആരംഭിച്ചിരുന്നു. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ 2022-23 വർഷത്തേക്ക് സ്പിൽ ഓവർ ആക്കിയിരുന്നു. 2022-23 ലും പൂർത്തിയാക്കാത്തതിനാൽ 2023-24 വർഷത്തിലും സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. നാളിതുവരെ പ്രവൃത്തി പൂർത്തീകരിക്കുകയോ, ഫൈനൽ ബിൽ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ പിഴ ഈടാക്കി കാലാവധി ദീർഘിപ്പിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയോ ചെയ്തതായി കാണുന്നില്ല.

2022-23 വർഷത്തിൽ 1230756 രൂപ വകയിരുത്തി ടേയ്ക്ക് എ ബ്രേക്ക് ശുചിത്വ കോംപ്ലക്സ് കയില്യാട്

കംപ്ലീഷൻ എന്നൊരു പ്രൊജക്ട് രൂപീകരിക്കുകയും COSTFORD തൃശ്ശൂർ മുഖാന്തരം പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത പ്രവൃത്തികളും പൂർത്തീകരിക്കാത്തതിനാൽ 2023-24 വർഷത്തേക്ക് സ്പിൽ ഓവർ ആക്കിയിട്ടുണ്ട്. കൂടാതെ 2022-23 ൽ തന്നെ ടേയ്ക്ക് എ ബ്രേക്ക് ശുചിത്വ കോംപ്ലക്സ് കയില്യാട് സെന്റർ പൂർത്തീകരണ പ്രവൃത്തികൾക്കായി 800000 രൂപ അടങ്കൽ ആയി COSTFORD തൃശ്ശൂർ മുഖാന്തിരം ചെയ്യുന്നതിന് തീരുമാനിച്ചിരുന്നുവെങ്കിലും 2022-23 വർഷത്തിൽ തുക ചെലവഴിച്ചിട്ടില്ല. 29.11.2023 ന് ഓഡിറ്റ് ടീം സ്ഥലപരിശോധന നടത്തി കയില്യാട് സെന്ററിലുള്ള ടേക്ക് എ ബ്രേക്ക് കെട്ടിടത്തിന്റെ രണ്ട് നിലകളുടെ സ്ട്രക്ച്ചർ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത് എന്ന് കണ്ടു.



ടേക്ക് എ ബ്രേക്ക് കെട്ടിടം

പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ സർക്കാറിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ നടപ്പിലായിട്ടില്ല. പ്രൊജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനും, കരാറുകാരനെതിരെ പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന വിധത്തിലുള്ള നടപടികൾ സ്വീകരിക്കാത്തതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/27.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദശങ്ങൾ

പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കേണ്ടതും, പൊതുജനങ്ങൾക്ക് ഉപയോഗിക്കുന്നതിന് തുറന്നുകൊടുക്കേണ്ടതുമാണ്.

**1-36-2 ടേക്ക് എ ബ്രേക്ക് കേന്ദ്രം -പ്രവൃത്തി പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കേണ്ടതാണ്**

പ്രൊജക്ട് നം. 48/23- ടേക്ക് എ ബ്രേക്ക് -ചളവറ സാനിറ്ററി കോംപ്ലക്സ് -അനുബന്ധ പ്രവൃത്തികൾ

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ - ₹ 490000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് -₹341143 (ബിൽ നം. 9/6.7.2022)

₹142463 (ബിൽ നം. 24/27.3.2023)

കരാറുകാരൻ -ശ്രീ.മുഹമ്മദ്കുട്ടി.എ.

എഗ്രിമെന്റ് നം. -55/2.2.2022

പഞ്ചായത്ത് ഓഫീസിനു സമീപം ടേക്ക് എ ബ്രേക്ക് സാനിറ്ററി കോംപ്ലക്സിന്റെ കംപ്ലീഷൻ പ്രവൃത്തികൾ -Plastering, Plumbing, Painting, Sanittary Fittings, 1000l. Water Tank, Doors, Window Shutters, Hand Railings എന്നിവ ചെയ്യുന്നതിനാണ് പ്രൊജക്ട് പ്രകാരം തുക വകയിരുത്തിയിരിക്കുന്നത്.

സ.ഉ(കൈ)നം.39/2020/ത.സ്വ.ഭ.വ.,തിയതി, 20-2-2020, .സ.ഉ(കൈ)നം.45/2020/ത.സ്വ.ഭ.വ., തിയതി, 6-3-2020 എന്നിവ പ്രകാരം 'പൊതു ടോയ്ലറ്റുകളും വിശ്രമ കേന്ദ്രങ്ങളും 'പദ്ധതിയിലുൾപ്പെടുത്തി പൊതു ശുചിമുറികളുടെ നിർമ്മാണവും നവീകരണവും സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വൃത്തിയും ശുചിത്വവും സുരക്ഷിതത്വവുമുള്ള പൊതു ശുചി മുറികളും 'ടേക്ക് എ ബ്രേക്ക് 'വിശ്രമകേന്ദ്രങ്ങളും പ്രത്യേകിച്ച് സ്ത്രീകൾക്കും യാത്രക്കാർക്കും

ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ ദേശീയ-സംസ്ഥാന പാതയോരങ്ങളിലും, പാതയോരങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങളുടെ പരിസരങ്ങൾ, തദ്ദേശ സ്ഥാപനങ്ങളുടെ ഓഫീസ് പരിസരം, വാണിജ്യ കേന്ദ്രങ്ങൾ/ബസ് സ്റ്റാന്റ്/ബസ് സ്റ്റോപ്പ് പരിസരങ്ങൾ എന്നിവിടങ്ങളിലായി നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

സ.ഉ.(സാധാ) നം.1401/2020/തസ്വഭവ, തിയതി, 27-7-2020 പ്രകാരം 2020-21 വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകേണ്ട പന്ത്രണ്ടിന പരിപാടിയിലുൾപ്പെടുത്തി മേൽ പദ്ധതി നടത്തിപ്പിന് അധിക മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിലുള്ള കുടുബശ്രീ മിഷൻ (സംരംഭ) യൂണിറ്റുകൾക്കാണ് നടത്തിപ്പ്/പരിപാലന ചുമതല നൽകേണ്ടത്. അതുപ്രകാരം ഗ്രാമപഞ്ചായത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കേണ്ടതാണ്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീ സംരംഭക ഗ്രൂപ്പുകളും തമ്മിൽ ശുചി മുറികളുടെ നടത്തിപ്പ്/പരിപാലനത്തിന് കരാറിൽ ഏർപ്പെടേണ്ടതാണ്.

പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം. 27/29.11.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 29.11.2023ന് നടത്തിയ സ്ഥല പരിശോധനയിൽ ടേക്ക് എ ബ്രേക്ക് കേന്ദ്രം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. താഴത്തെ നിലയിൽ 1 റൂമും മുകൾ നിലയിൽ 2 റൂമും 1 ടോയ്‌ലറ്റും ആണ് നിർമ്മിച്ചിരിക്കുന്നത്. ഇലക്ട്രിഫിക്കേഷൻ ചെയ്തിട്ടില്ല. സ്ഥാപനത്തിന് ബോർഡ് സ്ഥാപിച്ചിട്ടില്ല.



**ടേക്ക് എ ബ്രേക്ക് കെട്ടിടം**

**<u>ഓഡിറ്റ് നിർദ്ദേശം</u>**

- കെട്ടിടം പ്രവർത്തനസജ്ജമാക്കേണ്ടതാണ്.
- ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിലുള്ള കുടുബശ്രീ മിഷൻ (സംരംഭ) യൂണിറ്റുകൾക്കാണ് നടത്തിപ്പ്/പരിപാലന ചുമതല നൽകേണ്ടത്. സ.ഉ.(സാധാ) നം.1401/2020 /തസ്വഭവ, തിയതി, 27-7-2020 -ൽ നിർദ്ദേശിച്ച പ്രകാരം ശുചിമുറി സമുച്ചയങ്ങളുടെ തലം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ പരിഗണിച്ച് ഫീസ് നിശ്ചയിച്ച് തുടർ നടത്തിപ്പ് സാധ്യമാക്കേണ്ടതും പരിപാലന ചുമതല നൽകേണ്ടതുമാണ്.

ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കി തുടർ നടപടി വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-37 പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവഹണം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 88പ്രോജക്ടുകൾക്ക് തൻവർഷം അംഗീകാരം ലഭ്യമാക്കിയതിൽ 39 പ്രവൃത്തികൾ തൻവർഷം പൂർത്തീകരിച്ചിട്ടുണ്ട്. ₹27190373യിൽ ₹9805734 ചെലവഴിച്ചിട്ടുണ്ട്. 36.06% തുക തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ₹17384639/- രൂപ പ്രോജക്ടുകൾ നടപ്പിലാക്കാത്തതു വഴി നഷ്ടമായി.

<u>എ. പ്രോജക്ടുകളുടെ ആധിക്യം</u>

സ്പിൽഓവർ പ്രോജക്റ്റുകളുടേയും കുറഞ്ഞ അടങ്കലുള്ള പ്രോജക്റ്റുകളുടേയും ആധിക്യം തൻവർഷത്തെ ചെലവ് ശതമാനം കുറയുവാനും പല പ്രവൃത്തികളും അടുത്ത വർഷത്തേക്ക് സ്പിൽഓവർ ആകുവാനും ഇടയാക്കിയിട്ടുണ്ട്. തൻവർഷം അംഗീകാരം ലഭിച്ച 88 മരാമത്ത് പ്രവൃത്തികളിൽ 29എണ്ണം (33%) സ്പിൽഓവർ പ്രോജക്റ്റുകളാണ്. ഇതിൽ 7 സ്പിൽ ഓവർ പ്രൊജക്ടുകൾ തൻവർഷവും നടപ്പിലാക്കിയിട്ടില്ല. വിവരം താഴെ കൊടുക്കുന്നു.

. 54/23-റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ

. 57/23-അടവക്കാട്ടുതൊടി റോഡ് ഐറിഷ് ഡ്രൈനേജ്

. 36/23-പാലാട്ടുപടി കുളത്തുംപടി റോഡ് റീടാറിംഗ്

. 38/23-കിളിഞ്ചിരിക്കുന്ന് റോഡ് സൈഡ് വാൾ

. 39/23-കുറുപ്പത്തുപടി റോഡ് റീടാറിംഗ് ഐറിഷ് ഡ്രൈനേജ്

. 44/23-അത്താണിപ്പാറ കുടിവെള്ള പദ്ധതി സ്ഥാപിക്കൽ

. 59/23-എയ്ഡഡ് സിപിആർഎൽപി സ്കൂൾ തൃക്കാരമണ്ണയിൽ ടോയ്‌ലറ്റ് നിർമ്മാണം

ബി. കുറഞ്ഞ അടങ്കൽ തുകയുള്ള പ്രോജക്റ്റുകൾ

തൻവർഷത്തെ 9 പ്രോജക്റ്റുകൾ ഒരു ലക്ഷമോ അതിൽ കുറവോ അടങ്കലുള്ളവയാണ്.

സി. മരാമത്ത് പ്രവൃത്തികളുടെ സ്വഭാവം

റോഡ് കോൺക്രീറ്റിംഗിനും ടാറിംഗ് പദ്ധതികൾക്കുമാണ് തൻവർഷം മുൻഗണന നൽകിയിട്ടുള്ളത്. തൻവർഷം ഏറ്റെടുത്ത 230 മരാമത്ത് പ്രവൃത്തികളിൽ 26 എണ്ണം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളും 8 പ്രവൃത്തികൾ ടാറിംഗ് പ്രവൃത്തികളുമാണ്.. കുടിവെള്ള മേഖലയിൽ 5 പ്രോജക്റ്റുകൾ ആവിഷ്കരിച്ചിട്ടുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയർ തൻവർഷം ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ പൊതുവായി കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ തിയതി, ടെണ്ടറുകൾ ഭരണ സമിതി അംഗീകരിച്ച തിയതി, തീരുമാനം നമ്പർ, ടെണ്ടർ ലഭിച്ച തിയതി, തുടങ്ങിയ വിവരങ്ങൾ ചേർക്കുന്നില്ല.

2. എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരണത്തീയതി ചേർത്തിട്ടില്ല.

3. സ്പിൽ ഓവർ പ്രവൃത്തികളുടെ കരാറുകാരുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല.

4. എഗ്രിമെന്റ് വ്യവസ്ഥകളിൽ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കിയിട്ടില്ല.

5. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 54/23-റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ അടങ്കൽ - 75000 (തനതു ഫണ്ട്) എന്ന പ്രൊജക്ടിന് തുക വകയിരുത്തിയെങ്കിലും തൻവർഷം നടപ്പിലാക്കിയിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 17/27.11.2023ന് മറുപടി ലഭ്യമാക്കിയില്ല.

ആവശ്യകത വിലയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതിയും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

**1-38 ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്**

ടെണ്ടർ ഫോം വില ഇനത്തിൽ 24.11.2023വരെ ലഭ്യമായ ₹94183/- അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ (SBI, Ottapalam A/c. No. 37305526036) സൂക്ഷിച്ചിരിക്കുന്നു. തുകകൾ

ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 17/27.11.2023ന് മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

**1-39 പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല**

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

കരാർ കാലാവധി തീരുന്നതിനു മുമ്പ്, കരാറുകാരൻ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകേണ്ടതാണ്. താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാർക്ക് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കിയ പിഴ | ഈടാക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|
| 1 | 41/23 -ഹോമിയോ നവീകരണം<br>അടങ്കൽ - 100000-MG(NR)<br>PAC- 58500<br>APAC- 58500<br>കരാറുകാരൻ - ശ്രീ.മുഹമ്മദ്കുട്ടി.എ.<br>എഗ്രിമെന്റ് നം.:73/8.3.2022<br>അളവു പുസ്തകം - 237/22-23<br>ചെലവ് - 69030 (ബിൽ നം.25/28.3.2023)<br>പൂർത്തീകരണ കാലാവധി - 3മാസം | 8-6-2022 | 14-11-2022 | --- | 1755 (3%) | 1755 |
| | പ്രവൃത്തി നടക്കുന്നതിനിടയിൽ ഗ്ലാസ് പാനൽ കൂടുതൽ വന്നതിനാൽ എസ്റ്റിമേറ്റ് 20.3.2023ലെ 9(1)-ാം തീരുമാനം പ്രകാരം റിവൈസ് ചെയ്തിട്ടുണ്ട്. 7.3.2023ലെ 1(6)-ാം നം. ഭരണ സമിതി തീരുമാനം പ്രകാരം പ്രവൃത്തിക്ക് റിവിഷൻ വന്നത് കണക്കിലെടുത്ത് പ്രവൃത്തിയുടെ കാലയളവ് പിഴ കൂടാതെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് റിവിഷൻ കണക്കിലെടുത്ത് 8.6.2022 വരെയും 8.12.2022 വരെയും കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. എന്നാൽ രണ്ടു പ്രാവശ്യം എ.ഇ. പ്രവൃത്തി ദീർഘിപ്പിച്ചു നൽകിയപ്പോഴും പ്രവൃത്തിയുടെ ഫിസിക്കൽ പ്രോഗ്രസ് 0 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആരംഭിക്കാത്ത പ്രവൃത്തിക്കാണ് ഗ്ലാസ് പാനൽ കൂടുതൽ വന്നതിനാൽ എന്ന കാരണം പറഞ്ഞ് കാലാവധി ദീർഘിപ്പിച്ചു നൽകിയിരിക്കുന്നത്. | | | | | |
| 2 | 42/23 -ചളവറ കുടുംബശ്രീ ജനകീയ ഹോട്ടൽ തുടർ സൌകര്യങ്ങൾ ഒരുക്കൽ<br>അടങ്കൽ - 100000 [വികസന ഫണ്ട്(ജനറൽ)]<br>PAC- 88574.72 | 13-3-2022 | 17-10-2022 | --- | 2657 (3%) | 2657 |

| | | | | | | |
|---|---|---|---|---|---|---|
| | APAC- 88574.72<br>കരാറുകാരൻ - ശ്രീ.മുഹമ്മദ് അലി.പി.<br>എഗ്രിമെന്റ് നം.: 44A/13.12.2021<br>അളവു പുസ്തകം - 232/22<br>ചെലവ് - 55206<br>(ബിൽ നം. 40/31.3.2023)<br>പൂർത്തീകരണ കാലാവധി - 3 മാസം | | | | | |
| | 13.6.2022 വരെ ഫൈൻ ഇല്ലാതെയും 13.9.2022 വരെ 1% ഫൈനോടു കൂടിയും 13.12.2022 വരെ 2% ഫൈനോടു കൂടിയും എ.ഇ. സമയം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഫൈൻ ഈടാക്കിയിട്ടില്ല. സപ്ലിമെന്ററി എഗ്രിമെന്റ് വച്ചിട്ടില്ല. | | | | | |
| 3 | 33/23 -നെല്ലിക്കുന്ന് കുണ്ടടിപ്പറമ്പ് റോഡ് കോൺക്രീറ്റ് സൈഡ് കെട്ടൽ<br>അടങ്കൽ - 400000- Plan(SCP)<br>PAC- 345614.03<br>APAC- 345614.03<br>കരാറുകാരൻ - ശ്രീ. സൈനുദീൻ.കെ.പി.<br>എഗ്രിമെന്റ് നം.:65/11.9.2020<br>അളവു പുസ്തകം - 2713/21-22<br>ചെലവ് - 277664<br>(സാങ്ഷൻ ഓർഡർ നം. 428/30.3.2022)<br>57965 (ബിൽ നം.11/6.7.2022)<br>പൂർത്തീകരണ കാലാവധി - 3മാസം | 11.12.2020 | 26-3-2022 | --- | 10368<br>(3%) | 10368 |
| | കരാറുകാരന്റെ അപേക്ഷ ഇല്ല. എ.ഇ. സമയം അനുവദിച്ചിട്ടില്ല. | | | | | |
| 4 | 37/23 -മാത്രപ്പള്ളിയാൽ റോഡ് സൈഡ് വാൾ ഡ്രൈനേജ്<br>അടങ്കൽ - 490000- MG(R)<br>PAC- 433420.42<br>APAC- 326365.58<br>കരാറുകാരൻ - ശ്രീ. അബ്ദു റഹിമാൻ.പി.<br>എഗ്രിമെന്റ് നം.:22/26.10.2021<br>അളവു പുസ്തകം - 3160/21-22<br>ചെലവ് - 177710<br>(ബിൽ നം. 2/28.6.2022)<br>107535 (ബിൽ നം.27/28.3.2023)<br>പൂർത്തീകരണ കാലാവധി - 6മാസം | 26-4-2022 | 23-1-2023 | --- | 13003 | 13003 |
| | കരാറുകാരന്റെ അപേക്ഷ ഇല്ല. എ.ഇ. 26.10.2022 വരെയും 26.1.2023 വരെയും കാലാവധ നീട്ടി നൽകിയിട്ടുണ്ട്. കാരണം രേഖപ്പെടുത്തിയിട്ടില്ല. | | | | | |
| 5 | 48/23 -ചളവറ സാനിറ്ററി കോംപ്ലക്സ് അനുബന്ധ പ്രവൃത്തികൾ | 2-5-2022 | 31-10-2022 | ---- | 12359 | 12359 |

| | | | | | | |
|---|---|---|---|---|---|---|
| | അടങ്കൽ - 490000- CFC<br>PAC- 411956.47<br>APAC- 411956.47<br>കരാറുകാരൻ - ശ്രീ. മുഹമ്മദ് കുട്ടി.എ.<br>എഗ്രിമെന്റ് നം.:55/2.2.2022<br>അളവു പുസ്തകം - 2719/21-22, 236/22-23<br>ചെലവ് - 341143<br>(ബിൽ നം. 9/6.7.2022)<br>142463 (ബിൽ നം.24/27.3.2023)<br>പൂർത്തീകരണ കാലാവധി - 3മാസം | | | | | |
| | 2.8.2022 വരെയും 2.11.2022 വരെയും എസ്റ്റിമേറ്റ് റിവിഷൻ കാരണം കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിരിക്കുന്നത് 20.3.2023 ലെ 9(1)-ാം തീരുമാനം പ്രകാരവും പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 31.10.2022നും ആണ്. | | | | | |
| | ആകെ ഈടാക്കേണ്ട തുക | | | | | 40142 |

തുക കുറവായി ഈടാക്കിയത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 25/28.11.2023ന് മറുപടി ലഭ്യമാക്കിയില്ല. കുറവായി ഈടാക്കിയ തുക ₹40142/-ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
തുക ഈടാക്കുന്നത് വരെ ആയത് ഫൈൻ തുക ക്രമീകരിക്കാതെ പ്രവൃത്തികളുടെ ഫൈനൽ ബിൽ അനുവദിച്ച് നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാധ്യതയായി ഓഡിറ്റിൽ നിശ്ചയിക്കുന്നു.

## 1-40 എസ്.സി.പി. പ്രൊജക്റ്റുകൾ - സാമൂഹ്യ ഭൂപടവും ഫീസിബിലിറ്റി സർട്ടിഫിക്കറ്റും ഇല്ലാതെ നടപ്പിലാക്കി

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

13-ാം പദ്ധതി മാർഗ്ഗ രേഖ സ.ഉ.(കൈ)നം.11/2018 തസ്വഭവ തിയതി, 29-1-2018 ഖണ്ഡിക 5.4.6.1 ൽ പട്ടികജാതി വിഹിതം വകയിരുത്തുന്നതിനുള്ള നിബന്ധനകൾ പ്രതിപാദിച്ചിട്ടുണ്ട്. ക്രമന. (9) പ്രകാരം പട്ടികജാതി വിഭാഗക്കാരുടെ ശതമാനം തെളിയിക്കുന്നതിനായി പ്രൊജക്റ്റിന്റെ പ്രയോജനം ലഭിക്കുന്ന പ്രദേശത്തിന്റെ ഒരു സാമൂഹ്യ ഭൂപടം പ്രൊജക്റ്റിനൊപ്പം തയ്യാറാക്കി വയ്ക്കേണ്ടതും ഭൂപടത്തിൽ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തിയുടെ സ്ഥാനവും പ്രയോജനം ലഭിക്കുന്ന എല്ലാ ഗുണഭോക്തൃ കുടുംബത്തിന്റെയും സ്ഥാനവും അടയാളപ്പെടുത്തേണ്ടതും അപ്രകാരം അടയാളപ്പെടുത്തിയ സാമൂഹ്യ ഭൂപടത്തിൽ പട്ടികജാതി കുടുംബങ്ങളുടെ സ്ഥാനം പ്രത്യേക നിറത്തിൽ കാണിച്ചിരിക്കേണ്ടതുമാണ്. പ്രൊജക്റ്റ് നടപ്പിലാക്കിയാൽ പ്രയോജനം ലഭിക്കുന്ന ആകെ കുടുംബങ്ങളുടെ പട്ടികയും അതിൽ പട്ടികജാതി കുടുംബങ്ങളുടെ പട്ടികയും സാമൂഹ്യ ഭൂപടത്തോടൊപ്പം ചേർത്തിരിക്കേണ്ടതാണ്. ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടികയും സാമൂഹ്യ ഭൂപടവും ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ സ്ഥല പരിശോധന നടത്തി ബോദ്ധ്യപ്പെടേണ്ടതും പ്രൊജക്റ്റ് മുഖാന്തിരം പ്രയോജനം ലഭിക്കുന്ന എത്ര ശതമാനം പട്ടികജാതി കുടംബങ്ങളുണ്ടെന്നുള്ള വിവരവും സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. പതിനാലാം പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)നം.84/2022 തസ്വഭവ തിയതി, 19-4-2022 ഖണ്ഡിക 5.4.6.9ലും മേൽ കാര്യം പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ തൻവർഷം നിർവഹണം നടത്തിയ താഴെ പറയുന്ന എസ്.സി.പി.പ്രൊജക്റ്റുകളിൽ മേൽ പരാമർശ പ്രകാരമുള്ള സാമൂഹ്യ ഭൂപടവും ഫീസിബിലിറ്റി സർട്ടിഫിക്കറ്റും ഉള്ളടക്കം ചെയ്തിട്ടില്ല. നടപ്പിലാക്കിയ പദ്ധതികളുടെ വിവരം താഴെ കൊടുക്കുന്നു.

1. പ്രൊജക്റ്റ് നം.213/23 -മൂലയിൽ കോളനി റോഡ് നിർമ്മാണം

ചെലവ് - ₹199612 ബിൽ നം. 19/15.3.2023

2. പ്രൊജക്ട് നം.33/23 -നെല്ലിക്കുന്ന് കുണ്ടടിപ്പറമ്പ് റോഡ് കോൺക്രീറ്റ് സൈഡ് കെട്ടൽ

ചെലവ് - ₹57965 ബിൽ നം. 11/6.7.2022

3. പ്രൊജക്ട് നം.43/23 -നെല്ലിക്കുന്ന് കുണ്ടടിപ്പറമ്പ് റോഡ് നിർമ്മാണം

ചെലവ് - ₹400000 ബിൽ നം. 10/6.7.2022

വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 17/27.11.2023ന് മറുപടി ലഭ്യമാക്കിയില്ല.

**ഓഡിറ്റ് നിർദ്ദേശം**

- അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.
- എസ്.സി പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ ആവശ്യമായ എല്ലാ രേഖകളും ഫയലിൽ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-41 റോഡ് ടാറിംഗ് പ്രവൃത്തിയുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല

പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (With Packed Bitumin Rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. കാലി ബാരൽ ഒന്നിന് 238 രൂപയും 18% GST ഉൾപ്പടെ ആകെ 281 രൂപ ഈടാക്കേണ്ടതായിരുന്നു. എന്നാൽ 4 പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ബാരൽ വില ₹15455/- ഈടാക്കിയിട്ടില്ല. ബാരലിന്റെ വിലയായ ₹13090- ഉം GST ₹2365 യും കൂടി ആകെ ₹15455/- കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദ വിവരം ഭാഗം 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-42 രണ്ടര ലക്ഷം രൂപയിൽ താഴെ കരാർ തുകയുള്ള ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് ഈടാക്കി

രണ്ടര ലക്ഷം രൂപയിൽ താഴെ കരാർ തുകയുള്ള ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയത് ക്രമപ്രകാരമല്ല.

സി.ജി.എസ്.ടി ആക്ട്, 2017, കെ.ജി.എസ്.ടി ആക്ട്, 2017 എന്നിവയിലെ സെക്ഷൻ 51(1) പ്രകാരം 2.5 ലക്ഷം രൂപയിൽ കൂടുതൽ കരാർ തുക വരുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ ബില്ലുകളിൽ നിന്നും 1% വീതം ജി.എസ്.ടി ടി.ഡി.എസ് ഈടാക്കേണ്ടതാണ്. എന്നാൽ രണ്ടര ലക്ഷം രൂപയിൽ താഴെ കരാർ തുകയുള്ള താഴെ പറയുന്ന ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടുണ്ട്.

**1. പ്രൊ.നം.137/23-തവളക്കാംചിറ കുറ്റൻപാറ റോഡ് നവീകരണം**

അടങ്കൽ - 200000 (SCP)
നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ
എഗ്രിമെന്റ് നം. 27/22-2-2023 (6 മാസം)
എ.പി.എ.സി - 169051
കരാറുകാരൻ- ശ്രീ.അർമിയ സഗിർ
ഇ അളവു പുസ്തകം നം. 43990/2022/5-1-1
തൻവർഷത്തെ ചെലവ് - 196503 (ബിൽ നം.41/31.3.2023)
ടി.ഡി.എസ് തുക – 3332 രൂപ

**2. പ്രൊ.നം.144/23-പടിഞ്ഞാറേക്കുന്ന് റോഡ് ഐറിഷ് ഡ്രൈനേജ്**

അടങ്കൽ - 200000 MG(NR)
നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

എഗ്രിമെന്റ് നം. 3/4-1-2023 (6 മാസം)
എ.പി.എ.സി - 168314
കരാറുകാരൻ- ശ്രീ.ഉമ്മർ.എം.
ഇ അളവു പുസ്തകം നം. 46008/2022/5-1-1
തൻവർഷത്തെ ചെലവ് - 198608 (ബിൽ നം. 18/15.3.2023)
ടി.ഡി.എസ് തുക – 3386 രൂപ

**3. പ്രൊ.നം.213/23-മൂലയിൽ കോളനി റോഡ് നിർമ്മാണം**

അടങ്കൽ - 200000 MG(R)
നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ
എഗ്രിമെന്റ് നം. 14/13-1-2023 (6 മാസം)
എ.പി.എ.സി - 169172
കരാറുകാരൻ- ശ്രീ.സൈദലവി.കെ.
ഇ അളവു പുസ്തകം നം. 46008/2022/5-1-1
തൻവർഷത്തെ ചെലവ് - 199612 (ബിൽ നം. 19/15.3.2023)
ടി.ഡി.എസ് തുക – 3384 രൂപ

അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം, 25/28.11.2023ന് മറുപടി ലഭ്യമാക്കിയില്ല. ബില്ലുകൾ തയ്യാറാക്കുമ്പോൾ ജി.എസ്.ടി. നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-43 മരാമത്ത് പ്രവൃത്തികൾ - പിഴ ഈടാക്കിയതിലെ അപാകതകൾ

2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ള്യു.ഡി മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റേതായ കാരണങ്ങളാൽ ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. മേൽ ഉത്തരവു പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന്ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് 1000 രൂപ കൂടിയത് 50000 രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% (കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ )എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ കാലാവധി ദീർഘിപ്പിച്ചതിന് മെഷർമെന്റ്ബുക്കിൽ മെമ്മോ ഓഫ് പേയ്മെന്റിൽ പിഴ കണക്കാക്കി ആയത് ആകെ പ്രവൃത്തി മൂല്യത്തിൽനിന്നും കുറവാക്കി ബാക്കി തുക നൽകുന്നതിന് റിക്വിസിഷൻ നൽകുകയും ആയതനുസരിച്ച് ബിൽ തയ്യാറാക്കുകയുമാണ് ചെയ്തിട്ടുള്ളത്. കരാർലംഘനത്തിന് ഈടാക്കുന്ന പിഴ തുക ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം ആണ്. പിഴ ഇനത്തിലെ തുകകൾ വിവിധ ഫണ്ടുകളുടെ സ്രോതസ്സിൽനിന്നും കുറവാക്കി ബിൽ നൽകുന്നതുമൂലം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | എം. ബുക്ക് | PAC | ആകെ പ്രവൃത്തി മൂല്യം | സ്രോതസിൽ നിന്നും കുറവ് ചെയ്ത പിഴ തുക | ബിൽ നം.തീയതി |
|---|---|---|---|---|---|---|
| 1 | 268/22 -ഉമ്പായ പരിക്കലാത്തുപ്പടി റോഡ് കൾവേർട്ട് | 3161/21-22, 3161B/21-22 | 267226.24 | 216523 | 2095 | 13/26.11.2022 -214428 |

| | | | | | | |
|---|---|---|---|---|---|---|
| 2 | 52/23 -വടക്കേപുരയ്ക്കൽ കോളനി റോഡ് പൂർത്തീകരണം | 233/2022-23 | 44632.80 | 47099 | 1260 | 14/31.1.2023 -45789 |
| 3 | 45/23 -വിവിധ കുടിവെള്ള പദ്ധതികളുടെ വിപുലീകരണവും മെയിന്റനൻസും | 2683/21-22 | 436730.95 | 417124 | 4367 | 407/26.3.2022 -242147<br>128/8.11.2022 -170609 |

മെയിന്റനൻസ് ഗ്രാന്റ്, വികസനഫണ്ട് ,സംസ്ഥാനാവിഷ്കൃത ഗ്രാന്റ് എന്നിവയുടെ സ്രോതസ്സിൽനിന്നും കുറവു ചെയ്യുന്ന തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ ക്രെഡിറ്റ് ആകുന്നതിനാൽ പിഴ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന തുക ലഭ്യമാവുകയില്ല. പിഴ തുക ബില്ലിൽനിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം. 25/28.11.2023ന് മറുപടി ലഭ്യമാക്കിയില്ല. മരാമത്ത് പ്രവൃത്തികളിൽ പിഴയിനത്തിൽ ഈടാക്കുന്ന തുകകൾ തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

### 1-44 മരാമത്ത് പ്രവൃത്തി -റിടെൻഷൻ തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്തു

2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ല്യൂ.ഡി മാന്വലിലെ ഖണ്ഡിക V.iii പ്രകാരം പ്രവൃത്തിയുടെ പാർട്ട് ബിൽ ആണ് നൽകുന്നതെങ്കിൽ ബിൽ തുകയിൽ നിന്നും 2.5% റിടെൻഷൻ പിടിച്ച് പെർഫോർമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റായി സൂക്ഷിക്കണം (GO(P)N0.429/15 Fin. Dated, 28.9.2015). എന്നാൽ താഴെ പറയുന്ന പ്രവൃത്തിയിൽ റിടെൻഷൻ തുക പിടിച്ച് സെക്രട്ടറിയുടെ അക്കൗണ്ടിൽ സൂക്ഷിക്കുന്നതിന് പകരം സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടാണ് ബിൽ തുക പിൻവലിച്ചിരിക്കുന്നത്. വിശദാംശം താഴെ കൊടുക്കുന്നു.

പ്രൊ.നം.47/23-പട്ടത്തിക്കുന്ന് സിറ്റി റോഡ് റീടാറിംഗ്

അടങ്കൽ - 200000 MG(R)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

എഗ്രിമെന്റ് നം. 49/16.12.2021

എ.പി.എ.സി - 196309

കരാറുകാരൻ- ശ്രീ.അബ്ദുൾ റഹിമാൻ.പി.

ഇ അളവു പുസ്തകം നം. 2722/21-22

ആകെ പ്രവൃത്തിമൂല്യം -92763.43 +11131.61 (12% GST)

സ്രോതസിൽനിന്നും കുറവ് ചെയ്ത റിടെൻഷൻ തുക - 2319

തൻവർഷത്തെ ചെലവ് - 101567 (ബിൽ നം. 35/29.3.2023)

റിടെൻഷൻ തുക പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച് തനതു ഫണ്ടിൽ നിക്ഷേപിക്കാതെ കരാറുകാരന് ഫൈനൽ ബിൽ തുക ക്രമീകരിക്കുന്നത് എപ്രകാരമാണെന്ന് വിശദീകരിക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം. 25/28.11.2023ന് മറുപടി ലഭ്യമാക്കിയില്ല.

**ഓഡിറ്റ് നിർദ്ദേശം**

- കരാറുകാരന് ഫൈനൽ ബിൽ തുക ക്രമീകരിക്കുന്നത് എപ്രകാരമാണെന്ന് മറുപടി ലഭ്യമാക്കേണ്ടതാണ്.
- ഫൈനൽ ബിൽ തുക ക്രമീകരിച്ച മാത്രം അനുവദിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റോഡ് ടാറിംഗ് പ്രവൃത്തിയുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല

പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (With Packed Bitumin Rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. കാലി ബാരൽ ഒന്നിന് 238 രൂപയും 18% GST ഉൾപ്പടെ ആകെ 281 രൂപ ഈടാക്കേണ്ടതായിരുന്നു. എന്നാൽ താഴെ പറയുന്ന പ്രവൃത്തിയുടെ അവസാന ബില്ലിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തി, അളവു പുസ്തകം | ബിൽ നം., തിയതി തുക (രൂപ) | ടാറിന്റെ ഇനം, ഉപയോഗിച്ച അളവ് (Kg) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1 | 215/23 – തലശ്ശേരിപറമ്പ് റോഡ് പുനരുദ്ധാരണം<br>അടങ്കൽ - 400000 MG(R)<br>കരാറുകാരൻ - ശ്രീ. അർമിയ സഗീർ.കെ.പി.<br>എഗ്രിമെന്റ് നം.:22/17.1.2023<br>അളവു പുസ്തകം - 84496/2022 | ബിൽ നം. 26/28.3.2023<br>ചെലവ്: - ₹399148 | RS1- 194.35<br>VG 30 – 2261.408 | 1.07<br>14.50<br>16 Barrel |
| | ബാരലിന്റെ വില - 16x281 = ₹4496 (3808 +688 – GST) | | | |
| 2 | 47/23 -പട്ടത്തിക്കുന്ന് സിറ്റി റോഡ് റീടാറിംഗ്<br>അടങ്കൽ - 200000 MG(R)<br>കരാറുകാരൻ - ശ്രീ. അബ്ദുൾ രഹിമാൻ.പി.<br>എഗ്രിമെന്റ് നം.:49/16.12.2021<br>അളവു പുസ്തകം - 2722/21-22 | ബിൽ നം. 35/29.3.2023<br>ചെലവ്: - ₹101567 | RS1- 67.59<br>VG 30 – 731.764 | 0.37<br>4.69<br>5 Barrel |
| | ബാരലിന്റെ വില - 5x281 = ₹1405 (1190 +215 – GST) | | | |
| 3 | 157/23 -ചളവറ ഹെൽത്ത് സെന്റർ റോഡ് റീടാറിംഗ്<br>അടങ്കൽ - 400000 MG(R)<br>കരാറുകാരൻ - ശ്രീ. സൈതലവി.കെ. | ബിൽ നം. 37/29.3.2023<br>ചെലവ്: - ₹399724 | RS1- 229.34<br>VG 30 – 2457.31 | 1.26<br>15.75<br>17 Barrel |

| | | | | |
|---|---|---|---|---|
| | എഗ്രിമെന്റ് നം.:15/13.1.2023<br>അളവു പുസ്തകം - 83786/2022 | | | |
| | ബാരലിന്റെ വില - 17x281 = ₹4777 (4046 + 731 – GST) | | | |
| 4 | 154/23 -മനക്കത്തൊടി വട്ടോളിക്കുന്ന് റോഡ് റീടാറിംഗ്<br>അടങ്കൽ - 400000 MG(R)<br>കരാറുകാരൻ - ശ്രീ. സൈതലവി.കെ.<br>എഗ്രിമെന്റ് നം.:13/13.1.2023<br>അളവു പുസ്തകം - 84493/2022 | ബിൽ നം. 38/29.3.2023<br>ചെലവ്: - ₹399696 | RS1- 220.05<br>VG 30 – 2477.173 | 1.21<br>15.88<br>17 Barrel |
| | ബാരലിന്റെ വില - 17x281 = ₹4777 (4046 +731 – GST) | | | |
| | ആകെ ബാരലിന്റെ വില = ₹15455 (13090 +2365 -GST) | | | |

പ്രവൃത്തിക്കായി ഉപയോഗിച്ച ബാരലുകളുടെ വില ₹15455/- (₹13090- കാലി ബാരൽ വില + ₹2365- ജി.എസ്.ടി) കരാറുകാരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ശീർഷകങ്ങളിലേക്ക് അടവാക്കേണ്ടതാണ്. ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം നം. 25/28.11.2023ന് മറുപടി ലഭ്യമാക്കിയില്ല.

തുടർനടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## ഭാഗം –4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 22.11.2023 മുതൽ 30.11.2023 വരെ | അനുബന്ധമായി ചേർത്തിട്ടുണ്ട് |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് | മുന്നിരിപ്പ് | 2,551791 | | 0 | 2,551791 |
| | മുന്നിരിപ്പ് | 284999 | | 0 | 284999 |
| | 2022-23 | 135000 | 102/23 പയർ വർഗ്ഗ കൃഷി നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 135000 | 0 |
| | 2022-23 | 552890 | 91/23 സമഗ്ര നെൽകൃഷി വികസനം | 552890 | 0 |

| | | | | | |
|---|---|---|---|---|---|
| | 2022-23 | 400000 | 66/23 ലൈഫ് ഭവനം രണ്ടാം ഘട്ടം - എസ്.സി | 400000 | 0 |
| | 2022-23 | 2577815 | 76/23 ലൈഫ് ഭവനം - എസ്.സി (സ്പിൽ ഓവർ) | 2577815 | 0 |
| | 2022-23 | 360000 | 199/23 ലൈഫ് ഭവനം ജനറൽ | 360000 | 0 |
| | 2022-23 | 1100000 | 201/23 ലൈഫ് ഭവനം - എസ്.സി | 1100000 | 0 |
| | 2022-23 | 419900 | 89/23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 419900 | 0 |
| | 2022-23 | 377601 | 26/23 ടേക്ക് എ ബ്രേക്ക് കോംപ്ലകസ് കയില്യാട് സെന്ററിൽ | 377601 | 0 |
| | 2022-23 | 125000 | 110/23 ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് ജനറൽ | 125000 | 0 |
| | ആകെ | 6048206* | | 6048206 | |
| | മുന്നിരിപ്പുൾപ്പെടെ ആകെ വരവ് | 8884996 | | 6048206 | 2836790 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | മുന്നിരിപ്പ് 2022-23 | 803,871.00 | | 0 | 803871 |
| | | 722942 | 91/23 സമഗ്ര നെൽകൃഷി വികസനം | 722942 | 0 |
| | | 600000 | 71/23 എസ്.സി ഡിപ്പാർട്ട്മെന്റ് ലിസ്റ്റ് ലൈഫ് ഭവനം | 600000 | 0 |
| | | 140000 | 89/23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 140000 | 0 |
| | | 225350 | 29/23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 225350 | 0 |
| | | 100000 | 110/23 ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് ജനറൽ | 100000 | 0 |
| | | 30000 | ആശ്രയ പ്രൊജക്ട് | 0 | 30000 |
| | ആകെ | 1818292 ** | | 1788292 | 30000 |
| | മുന്നിരിപ്പുൾപ്പെടെ | 2622163 | | 1788292 | 833871 |

**സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതം ലഭിച്ചത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല, സുലേഖ ചെലവ് പത്രിക പ്രകാരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ചെലവഴിച്ച തുകയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 23/28.11.2023) മറുപടി നൽകിയിട്ടില്ല.

വിവിധ പദ്ധതികൾക്കായി ലഭിച്ച ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഒന്നുമില്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് | നിർവ്വഹണ ഏജൻസി | ബിൽ/ വൗച്ചർ നം | തുക |
|---|---|---|---|---|
| 1 | 07/23 പഞ്ചായത്ത് ഓഫീസ് കോംപ്ലക്സ് വിപുലീകരണം | ഹാബിറ്റാറ്റ് ടെക്നോളജീസ്, തിരുവനന്തപുരം | 133/10.11.22- | 457304 രൂപ |

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഹഡ്കോ വായ്പ | ജിഒ (എം.എസ്) നം68/2018 എൽ.എസ്.ജി.ഡി | 100,000.00 | 3200000.00 | 2662759.00 | - | 637,241.00 |

* വികസന ഫണ്ടിന്റെ (ജനറൽ, എസ്.സി.പി) സ്രോതസ്സിൽനിന്നും കുറവ് ചെയ്ത തുക. .

## 4-6 സ്ഥിരനിക്ഷേപങ്ങൾ.

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 2016-17 | 3-2 | 5890 | 1220203432/07.01.23 | ദിലീപ് കൺവീനൽ ചലിയനാംകുന്ന് കുടിവെള്ളപദ്ധതി |
| 2016-17 | 3-3 | 2641 | 1220203431/07.01.23 | മഞ്ജു കെ.ആർ അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | | |
|---|---|---|---|---|
| | ആകെ | 8531 | | |

രസീതി നം 1220200029/10.06.2022 പ്രകാരം യൂസഫ് സിദ്ധിക്ക്, കോൺട്രാക്ടർ 2903 രൂപ ഓഡിറ്റ് റിക്കവറി ഇനത്തിൽ അടവാക്കിയിട്ടുണ്ടെങ്കിലും, അക്കൗണ്ടന്റ് ജനറലിന്റെ/സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഏതു വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമല്ലാത്തതിനാൽ ആയത് പ്രസ്തുത ഇനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ചളവറ ഗ്രാമ പഞ്ചായത്തിന്റെ മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന വയുടെ വിശദാംശങ്ങള് ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 4-1 | 2015-16 | 4.1.1 | തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളിലെ പുതുക്കിയ അക്കൗണ്ടിംഗ് സമ്പ്രദായം സംബന്ധിച്ച അവലോകനം | 20.06.2017 ന് മറുപടി സമർപ്പിച്ചിട്ടുണ്ട്. |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

തുക ഈടാക്കിയിട്ടില്ല.

**(എ)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | ₹57988246/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹35784615/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ----- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹15455- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹258048/- |

**(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 15455 | അരുൺ.ടി. അസിസ്റ്റന്റ് എഞ്ചിനീയർ |
| | ആകെ | 15455 | |

**ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 56029 | 3244-ബിനുകുമാർ.വി, സെക്രട്ടറി |

| | | |
|---|---|---|
| | | 52785-ടി.വി.ജയൻ, സെക്രട്ടറി |
| 1-39 | 40142 | 10368 -ശാലിനി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ<br>29774 -അരുൺ.ടി. അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 96171 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 17064 | ടി.വി.ജയൻ, സെക്രട്ടറി |
| 1-25 | 240984 | ബിനകുമാർ.വി, സെക്രട്ടറി |
| ആകെ | 258048 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-16 | 2090 |
| 3-1 | 2365 |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

------

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ടി.വി.ജയൻ, സെക്രട്ടറി | സെക്രട്ടറി,<br>മുളക്കുഴ ഗ്രാമപഞ്ചായത്ത് | സരസ്വതിമഠം,<br>കടവുങ്കൽ,<br>വള്ളിക്കുന്നം (പി.ഒ),<br>ആലപ്പുഴ |
| ബിനകുമാർ.വി, സെക്രട്ടറി | ജില്ലാ കോ-ഓർഡിനേറ്റർ,<br>ലൈഫ് മിഷൻ,<br>കൊല്ലം | ശ്രീനന്ദനം,<br>വൈക്കം (പി.ഒ),<br>കോട്ടയം |
| ശാലിനി.എസ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>വിളക്കുടി ഗ്രാമപഞ്ചായത്ത്,<br>കൊല്ലം | TC20/392(3),<br>ചെമ്പകം, ശ്രീനഗർ,<br>മുക്കോലക്കൽ(പി.ഒ),<br>മണ്ണന്തല,<br>തിരുവനന്തപുരം |
| അരുൺ.ടി. അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>മുതലമട ഗ്രാമപഞ്ചായത്ത് | അക്ഷയ,<br>മഹാത്മാ റോഡ്,<br>വിയ്യൂർ (പി.ഒ),<br>തൃശ്ശൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | നം.കെ.എസ്.എ പി.കെ.ഡി 16/1743/2022 തീ 02.12.2022 | 3 |
| 1999-00 | നം.കെ.എസ്.എ പി.കെ.ഡി 16/1743/2022 തീ 02.12.2022 | 2 |

| | | |
|---|---|---|
| 2001-02 | നം.കെ.എസ്.എ പി.കെ.ഡി 16/1743/2022 തീ 02.12.2022 | 2 |
| 2003-04 | നം.കെ.എസ്.എ പി.കെ.ഡി 16/1743/2022 തീ 02.12.2022 | 1 |
| 2005-06 | നം.കെ.എസ്.എ പി.കെ.ഡി 16/1743/2022 തീ 02.12.2022 | 1 |
| 2006-07 | നം.കെ.എസ്.എ പി.കെ.ഡി 16/1743/2022 തീ 02.12.2022 | 3 |
| 2007-08 | നം.കെ.എസ്.എ പി.കെ.ഡി 16/1743/2022 തീ 02.12.2022 | 2 |
| 2008-09 | നം.കെ.എസ്.എ പി.കെ.ഡി 16/1743/2022 തീ 02.12.2022 | 4 |
| 2009-10<br>2010-11 | നം.കെ.എസ്.എ പി.കെ.ഡി 16/1743/2022 തീ 02.12.2022 | 7 |
| 2011-12 | നം.കെ.എസ്.എ പി.കെ.ഡി 16/1743/2022 തീ 02.12.2022 | 4 |
| 2012-13<br>2013-14 | നം.കെ.എസ്.എ പി.കെ.ഡി 16/1743/2022 തീ 02.12.2022 | 10 |
| 2014-15 | നം.കെ.എസ്.എ പി.കെ.ഡി 16/1743/2022 തീ 02.12.2022 | 5 |
| 2015-16 | നം.കെ.എസ്.എ പി.കെ.ഡി 16/1743/2022 തീ 02.12.2022 | 5 |
| 2016-17 | നം.കെ.എസ്.എ പി.കെ.ഡി 16/1743/2022 തീ 02.12.2022 | 26 |
| 2017-18 | നം.കെ.എസ്.എ പി.കെ.ഡി 16/1743/2022 തീ 02.12.2022 | 11 |
| 2018-19 | നം.കെ.എസ്.എ പി.കെ.ഡി 16/1743/2022 തീ 02.12.2022 | 14 |
| 2019-20 | KSA PKD-16/1187/2022 Dt.13-07-2022 | 8 |
| 2020-21 | KSA PKD-16/1188/22 Dt.14-07-2022 | 7 |
| 2021-22 | KSA PKD-16/477/23 Dt.30-03-2023 | 19 |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേ ണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 29-07-2023 and submitted on 03-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Chalavara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Chalavara Grama Panchayat for the year 2022-2023

**Date: 20/12/2023**

**Deputy Director**
**District Office Palakkad**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Chalavara Grama Panchayat for the Year 2022-2023 .

**1.Major Observations**

**2.Other Observations**

1. The mandatory financial statements such as Ratios and Notes to accounts prescribed in the accounting rules are not submitted for audit.
2. Cashflow statement- Net increase /decrease in cashflow not in accordance with the difference between the opening balance and closing balance of cash and cash equivalents.
3. Advance, Deposit registers are not maintained properly.
4. Asset register is not updated . Hence the value of Fixed assets (schedule-B11), Accumulated depreciation (schedule-B11(a) as per Balance

sheet could not be ascertained.

5. The balance amount of MGNREGS & Health Grant shown in the balance sheet with respect to B-4 and RP 40b and B17 balance are not matched.
6. Rs 1277000/- is wrongly receipted in Rp 30 as Performance grant instead of CFC untied amount. CFC Tied Grant -Actual income is Rs 3831000/-. But in RP-30 under the head 320200113 it is Rs 4206143/-. There is a mismatch between actual & rp30.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ ചളവറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3

## വാർഷിക കണക്കുകൾ- സംക്ഷിപ്തം

| Chalavara Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 3986986.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 25311.00 |
| 140000000 | Fee & User Charges | I-4 | 1026933.00 |
| 150000000 | Sale & Hire Charges | I-5 | 277004.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 112876893.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 370888.00 |
| 180000000 | Other Income | I-9 | 1434.00 |
| 190000000 | Prior Period Income | I-19 | 133334.00 |
| | **Total Income** | | **118565449.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 11330886.00 |
| 220000000 | Administrative Expenses | I-11 | 892884.00 |
| 230000000 | Operations & Maintenance | I-12 | 2259516.00 |
| 240000000 | Interest & Finance Charges | I-13 | 797.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6153057.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 34119351.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 7567174.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 13981016.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 40980279.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 60778.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 7693488.00 |
| | **Total Expenditure** | | **125039226.00** |
| | **Gross Surplus / Deficit of income over Expenditure** | | **-6473777.00** |
| | **Gross Surplus / Deficit of income over Expenditure** | | **-6520248.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -86863.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **46471.00** |

| Chalavara Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 16965238.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 824580.00 |
| 130000000 | Rental income from Panchayat Properties | RP-3 | 2500.00 |
| 140000000 | Fees & User Charges | RP-4 | 517250.00 |
| 150000000 | Sale & Hire Charges | RP-5 | 277004.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 11746000.00 |
| 171000000 | Interest Earned | RP-9 | 370888.00 |
| 190000000 | Prior Period Income | RP-11 | 151014.00 |
| 210000000 | Establishment Expenses | RP-12 | 0.0 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 82089.00 |
| 311000000 | Earmarked Funds | RP-28 | 28421.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 17735085.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 8632899.00 |
| 460000000 | Loans, Advances and Deposits | RP-49 | 16000.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 11434.00 |
| 330000000 | Secured Loans | RP-31 | 100000.00 |
| 340000000 | Deposits Received | RP-33 | 152112.00 |
| 350000000 | Other Liabilities | RP-35 | 375732.00 |
| | **Grand total** | | **57988246.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 125020.00 |
| 311000000 | Earmarked Funds | RP-28 | 168015.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 2708.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 9648.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 6175744.00 |
| 460000000 | Loans, Advances and Deposits | RP-49 | 2066759.00 |
| | **Non Operating** | | |

| | | | | |
|---|---|---|---|---|
| | 340000000 | Deposits Received | RP-33 | 29100.00 |
| | 350000000 | Other Liabilities | RP-35 | 27207621.00 |
| | | **Closing Balance** | | |
| | Bank | Bank | RP-40(b) | 22149812.00 |
| | Cash | Cash | RP-40(b) | 53819.00 |
| | | **Grand Total** | | **57988246.00** |

| Chalavara Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 13584151.48 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 573293.00 |
| 312000000 | Reserves | B-3 | 70612110.00 |
| | **Total Reserve & Surplus** | | **84769554.48** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 20357918.00 |
| | **Total Grants, Contributions for Specific Purposes** | | **20357918.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 637241.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **637241.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 619645.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1301262.52 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **1920907.52** |
| | **TOTAL LIABILITIES** | | **107685621.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 91390.00 |
| 412000000 | Capital Work in Progress | B-11(b) | 901359.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 80000.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 15030191.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 88404670.00 |
| 416000000 | Accumulated Depreciation | B-11(a) | -28089403.00 |
| | **Total Fixed Assets** | | **76418207.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 5294240.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 637241.00 |
| 450000000 | Cash and Bank Balance | B-17 | 22203631.00 |
| 460000000 | Loans, Advances and Deposits | B-18 | 3132302.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **31267414.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **107685621.00** |

ഡെപ്യൂട്ടി ഡയറക്ടർ